# SCRIPTURE SENTENCES

IN

## MALAYALAM

Fourth Edition.

# വേദോക്തപുസ്തകം

56 E
237

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1904

Price: 9 Pies. വില: ൯ പൈ.

Handschriftliche Anmerkungen

N12<529037114 021
HLS
ubTÜBINGEN

# SCRIPTURE SENTENCES

IN

**MALAYALAM**

**Fourth Edition.**

# വേദോക്തപുസ്തകം

MANGALORE

BASEL MISSION BOOK AND TRACT DEPOSITORY

1903

UNIV. BIBL. TÜBINGEN
56 E 237

# മുഖവുര.

ബാസൽ ജൎമ്മൻ മിശ്ശൻ സംഘത്തിന്റെ മേൽ
വിചാരകസഭയുടെ കല്പനപ്രകാരം അച്ചടിച്ചിട്ടുള്ള
ഈ വേദോക്തപുസ്തകം ഈ മിശ്ശൻസംഘത്തിൻ കീ
ഴിലുള്ള എല്ലാപാഠശാലകളിലും കുട്ടികൾ പഠിക്കേ
ണ്ടതാകുന്നു. ഇന്ന തരത്തിൽ ഇന്ന ഖണ്ഡം പഠിക്കേ
ണമെന്നു പുസ്തകത്തിൽ തന്നെ സൂചിപ്പിച്ചിരിക്കുന്നു.
ക്രിസ്ത്തീയകുട്ടികൾ ഓരോ തരത്തിന്നു നിയമിക്ക
പ്പെട്ട അതാതു ഖണ്ഡത്തിലുള്ള സകലവേദോക്ത
ങ്ങളെയും ഒട്ടൊഴിയാതെ മനഃപാഠം ചെയ്യേണ്ടതാ
കുന്നു. ഹിന്തുകുട്ടികളോ നക്ഷത്രചിഹ്നം ഉള്ള
വേദോക്തങ്ങളെ പഠിച്ചാൽ മതി. ഗുരുനാഥ
ന്മാർ ഈ വേദോക്തങ്ങളിലെ പ്രയാസമുള്ള ശബ്ദങ്ങ
ളെയും വാചകങ്ങളെയും തെളിയിച്ചു അതാതു വേ
ദോക്തത്തിന്റെ സാരം കുട്ടികൾക്കു ഗ്രഹിപ്പിച്ചുകൊടു
ക്കയും ഓരോ തരത്തിന്നു നിയമിച്ചിട്ടുള്ള വേദോക്ത
ങ്ങളെ അതതു കൊല്ലത്തിന്നകം തന്നെ മുഴുവനും

പഠിപ്പിച്ചു തീൎക്കയും മുമ്പുള്ള തരങ്ങളിൽ പഠിച്ചതു നല്ലവണ്ണം ആവൎത്തിപ്പിക്കയും ചെയ്യേണ്ടതാകുന്നു. പിന്നെ സഭാശാലകളിലെ ആറാം തരത്തിൽ ലുഥരിന്റെ ചെറിയ ചോദ്യോത്തരപുസ്തകവും ഏഴാം തരത്തിൽ സ്ഥിരീകരണപുസ്തകവും വേണ്ടുംപോലെ വ്യാഖ്യാനിച്ചു മനഃപാഠം ചെയ്യിക്കേണ്ടതാകുന്നു. അഞ്ചാം തരത്തിന്നു മീതെ പഠിക്കുന്നകുട്ടികൾ വായനെക്കു നിയമിച്ചിരിക്കുന്ന അതതു വേദപുസ്തകങ്ങളിൽനിന്നു തക്കതായ ഓരോ അംശങ്ങളെ മനഃപാഠം ചെയ്താൽ മതി.

എന്നു മേല്വിചാരകസഭയുടെ കല്പനപ്രകാരം

**Wilhelm Dilger,**
*Inspector of B. G. Mission Schools,*
*Malabar District.*

**NETTUR,**
**17th February 1896.**

# പൊരുളടക്കം.


| | | | | | |
|---|---|---|---|---|---|
| I. | ഖണ്ഡം: | ശിശുതരത്തിൽ | പഠിപ്പാനുള്ള | ഉക്തം | 25. |
| II. | ,, | ഒന്നാം തരത്തിൽ | ,, | ,, | 40. |
| III. | ,, | രണ്ടാം തരത്തിൽ | ,, | ,, | 58. |
| IV. | ,, | മൂന്നാം തരത്തിൽ | ,, | ,, | 74. |
| V. | ,, | സ്ഥിരീകരണപുസ്തകം അനുസരിച്ചു ക്രമപ്പെടുത്തിയതു: | | | |
| | | (1) നാലാം തരത്തിന്നു വേണ്ടിയുള്ള ഉക്തം | | | 1—94. |
| | | (2) അഞ്ചാം തരത്തിന്നു വേണ്ടിയുള്ള ഉക്തം | | | 95—207. |


സൂചകം.— ക്രിസ്തീയകുട്ടികൾ ആറാം തരത്തിൽ ലൂഥർപണ്ഡിതരുടെ ചെറിയ ചോദ്യോത്തരപുസ്തകവും ഏഴാം തരത്തിൽ സ്ഥിരീകരണപുസ്തകവും പഠിക്കേണ്ടതാകുന്നു.

## I. ഒന്നാം ഖണ്ഡം.

### (ശിശ്രൂതരത്തിന്നു വേണ്ടി.)

*1. ദൈവം സ്നേഹം തന്നെ ആകുന്നു. ൧. യോഹന്നാൻ ൪, ൧൬.

2. അവൻ മുമ്പെ നമ്മെ സ്നേഹിച്ചതുകൊണ്ടു നാം സ്നേഹിക്കാക! ൧. യോഹ. ൪, ൧൯.

*3. നമ്മുടെ ദൈവം സ്വൎഗ്ഗത്തിൽ തന്നെ: പ്രസാദിച്ചതെല്ലാം താൻ ചെയ്യുന്നു. സങ്കീ. ൧൧൫, ൩.

4. മനുഷ്യരോടു അസാദ്ധ്യമെങ്കിലും ദൈവത്തോടു സകലവും സാദ്ധ്യമാകുന്നു. മത്ത. ൧൯, ൨൬.

*5. ജാതികളുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആയി മനുഷ്യകൈകളുടെ ക്രിയയത്രെ. സങ്കീ. ൧൩൫, ൧൫.

*6. ദൈവം തന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവസാദൃശ്യത്തിൽ അവനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ഉല്പത്തി ൧, ൨൭.

*7. മനുഷ്യൻ കാഴ്ചയെ നോക്കുന്നു: യഹോവയോ ഹൃദയത്തെ നോക്കുന്നു. ൧. ശമു. ൧൬, ൭.

*8. മനുഷ്യന്റെ ഹൃദയത്തിലെ ധ്യാനം ബാല്യം മുതൽ ദോഷമുള്ളതാകുന്നു. ൧. മോശെ ൮, ൨൧.

9. ദൈവമേ, എനിക്ക ശുദ്ധഹൃദയം സൃഷ്ടിക്ക, ഉറപ്പുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കുക. സങ്കീ. ൫൧, ൧൦.

*10. ശുഭഫലം തരാത്ത മരം ഒക്കയും വെട്ടപ്പെട്ടു തീയ്യിൽ ഇടപ്പെടും. മത്താ. ൭, ൧൯.

*11. പാപത്തിൻ ശമ്പളം മരണമത്രെ. രോമ. ൬, ൨൩.

*12. നഷ്ടമായതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നതു. ലൂക്ക്. ൧൯, ൧൦.

13. ആയവൻ സ്വജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിപ്പതാകകൊണ്ടു അവനു യേശുവെന്നു പേർ വിളിക്ക. മത്താ. ൧, ൨൧.

*14. അവന്റെ പുത്രനായ യേശുക്രിസ്തന്റെ രക്തം നമ്മെ സകലപാപത്തിൽനിന്നും ശുദ്ധീകരിക്കുന്നു. ൧. യോഹ. ൧, ൭.

*15. കൎത്താവായ യേശുവിൽ വിശ്വസിക്ക! എന്നാൽ നീയും നിന്റെ ഗൃഹവും രക്ഷപ്പെടും. അപ്പോ. ൧൬, ൩൧.

*16. ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിട്ടുവിൻ അവരെ തടുക്കരുതു! ദൈവരാജ്യം ഇപ്രകാരമുള്ളവൎക്കാകുന്നു സത്യം. മാൎക്ക്. ൧൦, ൧൪.

*17. അല്ലയോ! അദ്ധ്വാനിച്ചും ഭാരം ചുമന്നും നടക്കുന്നോരേ, ഒക്കയും എന്റെ അടുക്കൽ വരുവിൻ! ഞാൻ നിങ്ങളെ തണുപ്പിക്കും. മത്തായി ൧൧, ൨൮.

*18. വാനവും ഭൂമിയും ഒഴിഞ്ഞു പോകും: എന്റെ വചനങ്ങൾ ഒഴിഞ്ഞുപോകയില്ല താനും. മത്താ. ൨൪, ൩൫.

*19. ദൈവത്തിന്റെ വചനം കേട്ടും കാത്തും കൊള്ളുന്നവർ ധന്യർ. ലൂക്ക്. ൧൧, ൨൮.

*20. ഭ്രമപ്പെടായ്പിൻ! ദൈവത്തോടു ഇളിച്ചുപോയി കൂടാ. കാരണം മനുഷ്യൻ എന്തു വിതെച്ചാലും അതിനെ തന്നെ കൊയ്യും. ഗലാ. ൬, ൭.

21. അനുസരണം ബലിയേക്കാളും നല്ലതു. ൧. ശമുവേൽ ൧൫, ൨൨.

*22. മക്കളേ, നിങ്ങളുടെ പിതാക്കളെ കൎത്താവിൽ അനുസരിപ്പിൻ! ഇതു ന്യായമല്ലോ ആകുന്നു. എഫെ. ൬, ൧.

*23. എന്മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ മനം ചെല്ലായ്ക! സദൃ. ൧, ൧൦.

24. ലോകവും അതിൻ മോഹവും കഴിഞ്ഞുപോകുന്നു: ദൈവേഷ്ടത്തെ ചെയ്യുന്നവനോ എന്നേക്കും വസിക്കുന്നു. ൧. യോഹ. ൨, ൧൭.

*25. അത്യുന്നതങ്ങളിൽ ദൈവത്തിന്നു തേജസ്സും ഭൂമിയിൽ സമാധാനവും മനുഷ്യരിൽ പ്രസാദവും ഉണ്ടു. ലൂക്. ൨, ൧൪.

## II. രണ്ടാം ഖണ്ഡം.

### (ഒ ന്നാം ത ര ത്തി ന്ന വേ ണ്ടി.)

*1. ആദിയിൽ ദൈവം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ചു. ഉൽപത്തി ൧, ൧.

2. ദൈവം താൻ ഉണ്ടാക്കിയതെല്ലാം നോക്കിയപ്പോൾ ഇതാ ഏറ്റവും നല്ലതായിരുന്നു. ഉൽപത്തി ൧, ൩൧.

*3. നമ്മുടെ ദൈവമായ യഹോവ ഏകകൎത്താവാകുന്നു. മാൎക്ക്. ൧൨, ൨൯.

*4. അസത്തുക്കളിൽ പ്രശംസിക്കുന്ന വിഗ്രഹസേവികൾ ഒക്കെയും നാണിക്കും. സങ്കീ. ൯൭, ൭.

*5. സൈന്യങ്ങളുടയ യഹോവ പറയുന്നതു: ഞാൻ ആദ്യനും ഞാൻ അന്ത്യനും ആകുന്നു; ഞാൻ എന്നി ദൈവമില്ല. യശായ ൪൪, ൬.

6. കണ്ടാലും യഹോവ നല്ലവൻ എന്നു രുചി നോക്കുവിൻ! അവങ്കൽ ആശ്രയിക്കുന്ന പുരുഷൻ ധന്യൻ. സങ്കീ. ൩൪, ൯.

*7. യഹോവ എല്ലാവൎക്കും നല്ലവൻ. അവന്റെ കരൾക്കനിവു അവന്റെ സകലക്രിയകളുടെ മേലും ഇരിക്കുന്നു. സങ്കീ. ൧൪൫, ൯.

*8. നിന്റെ ദൈവമായ യഹോവയെ നിന്റെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണമനസ്സോടും സൎവ്വശക്തിയോടും കൂടെ സ്നേഹിക്ക! മത്താ. ൨൨, ൩൭.

*9. വ്യത്യാസം ഒട്ടും ഇല്ല: കാരണം എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാതെ ചമഞ്ഞു. റോമർ ൩, ൨൩.

*10. പാപം ചെയ്യുന്നവനെല്ലാം അധൎമ്മത്തെയും ചെയ്യുന്നു: പാപം അധൎമ്മം തന്നെ. ൧. യോ. ൩, ൪.

*11. എല്ലാവരാലും കൈക്കൊള്ളപ്പെടത്തക്ക പ്രമാണവചനമാവിതു: ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു. ൧. തിമോ. ൧, ൧൫.

*12. ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടു. യോഹ. ൧, ൨൯.

13. യേശുക്രിസ്തൻ ഇന്നലേയും ഇന്നും എന്നേക്കും താൻ തന്നെ. എബ്രാ. ൧൩, ൮.

*14. പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു: പുത്രനെ അനുസരിക്കാത്തവൻ ജീവനെ കാണുകയില്ല. യോഹ. ൩, ൩൬.

15. പിതാവേ, ഞാൻ സ്വൎഗ്ഗത്തോടും നിന്നോടും പാപം ചെയ്തു: ഇനി നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനുമല്ല. ലൂക്. ൧൫, ൨൧.

16. എന്റെ അടുക്കെ വരുന്നവനെ ഞാൻ പുറത്തു തള്ളിക്കളകയില്ല. യോഹ. ൬, ൩൭.

*17. നിന്റെ ദൈവമായ യഹോവയെ കുമ്പിട്ടു അവനെ മാത്രം ഉപാസിക്ക! മത്താ. ൪, ൧൦.

18. ഞെരുക്കനാളിൽ എന്നെ വിളിക്ക ഞാനും നിന്നെ ഉദ്ധരിക്കും നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും. സങ്കീ. ൫൦, ൧൫.

*19. യാചിപ്പിൻ! എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ! എന്നാൽ കണ്ടെത്തും; മുട്ടുവിൻ! എന്നാൽ നിങ്ങൾക്കു തുറക്കപ്പെടും. മത്താ. ൭, ൭.

*20. സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ

രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലേ പോലെ ഭൂമിയിലും നടക്കേണമേ. ഞങ്ങൾക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമേ. ഞങ്ങളുടെ കടക്കാൎക്കു ഞങ്ങളും വിടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടുതരേണമേ. ഞങ്ങളെ പരീക്ഷയിൽ കടത്താതെ ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമേ. രാജ്യവും ശക്തിയും തേജസ്സും എന്നേക്കും നിണക്കല്ലോ ആകുന്നു: ആമെൻ. മത്താ. ൬, ൯—൧൩.

21. നിങ്ങളുടെ സകലചിന്തയും അവന്റെ മേൽ ചാട്ടുവിൻ! അവനല്ലോ നിങ്ങൾക്കായി കരുതുന്നതു. ൧. പേത്രൻ ൫, ൭.

22. നീ തിന്നു തൃപ്തിയാകുമ്പോൾ നിന്റെ ദൈവമായ യഹോവയെ സ്തുതിക്കേണ്ടതാകുന്നു. ആവൎത്തനം ൮, ൧൦.

*23. മനുഷ്യൻ അപ്പത്താൽ തന്നെയല്ല ദൈവവായിലൂടെ വരുന്ന സകലവചനത്താലത്രെ ജീവിക്കുന്നതു. മത്താ. ൪, ൪.

24. തിരുവെഴുത്തുകളെ ആരാഞ്ഞുകൊൾവിൻ! അവററിൽ നിങ്ങൾക്കു നിത്യജീവൻ ഉള്ളപ്രകാരം തോന്നുന്നുവല്ലോ: അവയും എനിക്കു സാക്ഷികളായി നില്ക്കുന്നു. യോഹന്നാൻ ൫, ൩൯.

25. യഹോവേ, നിന്റെ ഭവനത്തിൽ പാൎപ്പും നിന്റെ തേജസ്സിൻ വാസസ്ഥലവും ഞാൻ സ്നേഹിക്കുന്നു. സങ്കീ. ൨൬, ൮.

*26. മക്കളേ, നിങ്ങളുടെ പിതാക്കളെ എല്ലാംകൊണ്ടും അനുസരിപ്പിൻ: ഇതല്ലോ കൎത്താവിന്നു പ്രസാദം ഉള്ളതു. കൊലോസ്സർ ൩, ൨൦.

*27. അപ്പനെ പരിഹസിച്ച അമ്മെക്ക അനുസരണത്തെ നിരസിക്കുന്ന കണ്ണിനെ താഴ്വരയിലേ കാക്കകൾ കൊത്തിപ്പറിച്ച കഴുകഞ്ഞുങ്ങൾ തിന്നും. സദൃശം ൩൦, ൧൭.

*28. നിങ്ങളെ നടത്തുന്നവരെ അനുസരിച്ചടങ്ങിയിരിപ്പിൻ! അവർ കണക്കബോധിപ്പിക്കേണ്ടുന്നവരായി നിങ്ങളുടെ ദേഹികൾക്ക വേണ്ടി ജാഗരിച്ചിരിക്കുന്നുവല്ലോ. ആയതു അവർ ഞരങ്ങീട്ടല്ല സന്തോഷിച്ച ചെയ്യാൻ നോക്കുവിൻ! അല്ലാഞ്ഞാൽ നിങ്ങൾക്ക നന്നല്ല. എബ്രായർ ൧൩, ൧൭.

*29. കൈസൎക്കുള്ളവ കൈസൎക്കും ദൈവത്തിന്നുള്ളവ ദൈവത്തിന്നും ഒപ്പിച്ച കൊടുപ്പിൻ! മത്തായി ൨൨, ൨൧.

*30. ഞാൻ സൎവ്വശക്തിയുള്ള ദൈവമാകുന്നു: നീ എന്റെ മുമ്പാകെ നടന്നുകൊണ്ടു തികവുള്ളവനായിരിക്ക! ഉല്പത്തി ൧൭, ൧.

31. ദോഷം രുചിക്കുന്ന ദേവനല്ല നീ: ദുഷ്ടന്നു നിങ്കൽ പാൎപ്പില്ല. സങ്കീൎത്തനം ൫, ൫.

32. ഇത്ര വലിയ ദോഷം പ്രവൃത്തിച്ച ദൈവത്തിന്റെ നേരെ പാപം ചെയ്യാൻ എനിക്ക എങ്ങിനെ കഴിയും. ഉല്പത്തി ൩൯, ൯.

*33. മനുഷ്യർ നിങ്ങൾക്ക എന്തെല്ലാം ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിച്ചാൽ അപ്രകാരം തന്നെ നിങ്ങളും അവൎക്ക ചെയ്യിൻ. മത്തായി ൭, ൧൨.

*34. നല്ലതു ചെയ്യാൻ അറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു പാപമാകുന്നു. യാക്കോബ് ൪, ൧൭.

× ഞരക്കം = Seufzen.

35. നന്മചെയ്വാനും കൂററായ്മ കാട്ടുവാനും മറക്കൊല്ല! ഈ വക ബലികളിലല്ലോ ദൈവപ്രസാദം ഉണ്ടാകുന്നു. എബ്രായർ ൧൩, ൧൬.

*36. നിങ്ങൾ മോഷ്ടിക്കയും കളവു പറകയും അന്യോന്യം വഞ്ചിക്കയും ചെയ്യരുതു! ലേവ്യ. ൧൯, ൧൧.

37. വേല ചെയ്വാൻ മനസ്സില്ലാത്തവൻ ഭക്ഷിക്കയും അരുതു. ൨. തെസ്സലോനിക്യർ ൩, ൧൦.

38. മരണപൎയ്യന്തം വിശ്വസ്തനാക! എന്നാൽ ഞാൻ ജീവകിരീടത്തെ നിണക്കു തരും. വെളിപ്പാടു ൨, ൧൦.

*39. അവനവൻ ശരീരംകൊണ്ടു നല്ലതാകിലും തിയ്യതാകിലും ചെയ്തതിന്നു അടുത്തതെ പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാകേണ്ടതു. ൨. കൊരി. ൫, ൧൦.

*40. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ! ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയ രാജ്യത്തെ അനുഭവിച്ചുകൊൾവിൻ! മത്തായി ൨൫, ൩൪.

## III. മൂന്നാം ഖണ്ഡം.

### (രണ്ടാം തരത്തിന്നു വേണ്ടി.)

1. നമ്മുടെ കൎത്താവു വലിയവനും ഊക്കേറിയവനും അവധിയില്ലാത്ത വിവേകമുള്ളവനും തന്നെ. സങ്കീൎത്തനം ൧൪൭, ൫.

2. യഹോവേ, നിന്റെ ക്രിയകൾ എത്ര പെരുകുന്നു! എല്ലാററെയും നീ ജ്ഞാനത്തിൽ തീൎത്തു ഭൂമി നിന്റെ സമ്പത്തിനാൽ സമ്പൂൎണ്ണം. സങ്കീൎത്തനം ൧൦൪, ൨൪.

*3. സൈന്യങ്ങളുടെ യഹോവ വിശുദ്ധൻ വിശുദ്ധൻ വിശുദ്ധൻ! സൎവ്വഭൂമിയുടെ നിറവു അവന്റെ തേജസ്സ തന്നെ. യശായ ൬, ൩.

*4. യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു: ഞാനല്ലാതെ അന്യദേവകൾ നിണക്കുണ്ടാകരുതു. നിണക്ക യാതൊരു വിഗ്രഹത്തെയും പ്രതിമയെയും ഉണ്ടാക്കരുതു: അവററെ കുമ്പിടുകയും സേവിക്കയും അരുതു. നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുതു. സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഓൎക്ക. നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക. നീ കുലചെയ്യരുതു. നീ വ്യഭിചരിക്കരുതു. നീ മോഷ്ടിക്കരുതു. കൂട്ടുകാരന്റെ നേരെ കള്ളസ്സാക്ഷി പറയരുതു. കൂട്ടുകാരന്റെ ഭവനത്തെ മോഹിക്കരുതു: കൂട്ടുകാരന്റെ ഭാൎയ്യയെയും ദാസീദാസന്മാരെയും കാളകഴുതകളെയും കൂട്ടുകാരന്നുള്ള യാതൊന്നിനെയും മോഹിക്കരുതു. പുറപ്പാടു ൨൦, ൨ — ൧൭.

5. യഹോവയെ വാഴ്ത്തുവിൻ! കാരണം അവൻ നല്ലവൻ തന്നെ: അവന്റെ ദയ യുഗപൎയ്യന്തം ഉള്ളതല്ലോ. സങ്കീൎത്തനം ൧൦൬, ൧.

*6. കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടേണ്ടതിന്നു പിതാവു നമുക്കു എത്ര വലിയ സ്നേഹത്തെ നല്കിയിരിക്കുന്നു. ൧. യോഹന്നാൻ ൩, ൧.

7. യഹോവേ, നിന്റെ ദയ വാനങ്ങളിലേക്കും നിൻ വിശ്വാസ്യത ഇളമുകിലോളവും എത്തുന്നു. സങ്കീൎത്തനം ൩൬, ൬.

*8. ഭൂമി ഉള്ള നാൾ ഒക്കെയും വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വൎഷവും പകലും രാത്രിയും ഒഴിഞ്ഞുപോകയില്ല. ഉല്പത്തി ൮, ൨൨.

*9. പ്രാൎത്ഥനകേൾക്കുന്നവനേ, നിന്നോളം എല്ലാ ജഡവും ചെല്ലും. സങ്കീൎത്തനം ൬൫, ൩.

10. യഹോവ മന്ത്രണത്തെ അത്ഭുതവും ചൈതന്യത്തെ വലുതുമാക്കുന്നു. യശായ ൨൮, ൨൯.

11. യഹോവയിൽ രസിച്ചുകൊൾക! അവനും നിന്റെ ഹൃദയചോദ്യങ്ങളെ നിണക്കു തരും. സങ്കീൎത്തനം ൩൭, ൪.

*12. ദൈവം ലോകത്തെ സ്നേഹിച്ച വിധമാവിതു: തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്നവനെല്ലാം നശിക്കാതെ നിത്യജീവനുള്ളവനാകേണ്ടതിന്നു അവനെ തരുവോളം തന്നെ. യോ. ൩, ൧൬.

13. സൌഖ്യവാന്മാൎക്കു വൈദ്യനെ കൊണ്ടു ആവശ്യമില്ല ദുസ്ഥന്മാൎക്കേ ഉള്ളു: ഞാൻ നീതിമാന്മാരെയല്ല പാപികളെ മാനസാന്തരത്തിലേക്കു വിളിപ്പാൻ വന്നിരിക്കുന്നു. ലൂക്ക. ൫, ൩൧, ൩൨.

*14. ദൈവം ലോകത്തിന്നു അവരുടെ പിഴകളെ കണക്കിടാതെ നിരപ്പിൻ വചനത്തെ ഞങ്ങളിൽ സമൎപ്പിച്ചുംകൊണ്ടു ലോകത്തെ ക്രിസ്തനിൽ തന്നോടു നിരപ്പിച്ചതു. ൨. കൊരിന്തർ ൫, ൧൯.

*15. വിശേഷിച്ചു മറെറാരുത്തനിലും രക്ഷയില്ല: നാം രക്ഷപ്പെടുവാൻ മനുഷ്യരിൽ കൊടുക്കപ്പെട്ട വേറൊരു നാമവും വാനത്തിൻ കീഴിൽ ഇല്ല. അപ്പോ. ൪, ൧൨.

16. യഹോവേ, നീ അകൃത്യങ്ങളെ കുറിക്കൊണ്ടാൽ, കൎത്താവേ, ആർ നില്പു. നിന്നെ ഭയപ്പെടേണ്ടതിന്നു വിമോചനം നിന്നോടുണ്ടല്ലോ. സങ്കീൎത്തനം ൧൩൦, ൩, ൪.

*17. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു: എന്നിലൂടേ അല്ലാതെ ആരും പിതാവിനോടു ചേരുന്നില്ല. യോഹന്നാൻ ൧൪, ൬.

*18. ഞാൻ വന്നതു അവൎക്കു ജീവൻ ഉണ്ടാവാനും വഴിച്ചലും ഉണ്ടാവാനും തന്നെ. യോഹന്നാൻ ൧൦, ൧൦.

*19. വിശുദ്ധാത്മാവു കല്പിക്കുന്നതു പോലെ ഇന്നു നിങ്ങൾ അവന്റെ ശബ്ദത്തെ കേട്ടാൽ ഹൃദയത്തെ കഠിനമാക്കരുതു. എബ്രായർ ൩, ൭. ൮.

*20. ദൈവാത്മാവിനാൽ നടത്തപ്പെടുന്നവർ അത്രയും ദൈവപുത്രന്മാരാകുന്നു. രോമർ ൮, ൧൪.

*21. മുമ്പെ ദൈവത്തിന്റെ രാജ്യത്തെയും അവന്റെ നീതിയെയും അന്വേഷിപ്പിൻ! എന്നാൽ ഇവ എല്ലാം നിങ്ങൾക്കു കൂടേ കിട്ടും. മത്തായി ൬, ൩൩.

---

*22. ജ്ഞാനത്തിന്റെ ആരംഭമോ യഹോവാഭയം തന്നെ. സദൃശങ്ങൾ ൧, ൭.

23. ദൈവഭക്തി ഇപ്പോഴം എപ്പോഴമുള്ള ജീവന്റെ വാഗ്ദത്തം പ്രാപിച്ചിട്ട സകലത്തിന്നും പ്രയോജനമാകുന്നു. ൧. തിമോത്ഥ്യൻ ൪, ൮.

24. നിൻ ധൎമ്മത്തിലെ അതിശയങ്ങളെ കാണേണ്ടതിന്നു എന്റെ കണ്ണുകളെ തുറക്കേണമേ! സങ്കീൎത്തനം ൧൧൯, ൧൮.

*25. എന്മകനേ, നിന്റെ ഹൃദയത്തെ എനിക്ക താ: നിൻ കണ്ണുകൾ എന്റെ വഴികളിൽ പ്രസാദിപ്പൂതാക! സദൃശങ്ങൾ ൨൩, ൨൬.

26. ഞാനും എന്റെ കുഡുംബവും യഹോവയെ സേവിക്കും. യോശുവ ൨൪. ൧൫.

*27. താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ സൂക്ഷിക്ക. ൧. കൊരിന്തർ ൧൦, ൧൨.

23. പിശാചിനോട മറുത്തുനില്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ടോടിപ്പോകും. ദൈവത്തോട അണഞ്ഞുകൊൾവിൻ എന്നാൽ നിങ്ങളോട അണയും. യാക്കോബ് ൪, ൭. ൮.

29. ഭ്രമപ്പെടായ്വിൻ! ഉത്തമഭാവങ്ങളെ കെടുക്കന്നു ദുസ്സംഗങ്ങൾ. ൧. കൊരിന്തർ ൧൫, ൩൩.

30. എല്ലാപ്രാൎത്ഥനയാലും യാചനയാലും എതുനേരത്തും ആത്മാവിൽ പ്രാൎത്ഥിച്ചും അതിന്നായി തന്നെ ജാഗരിച്ചുംകൊൾവിൻ! എഫെസ്യർ ൬, ൧൮.

*31. എന്മകനേ, നിന്റെ അച്ഛന്റെ ശിക്ഷയെ കേൾക്ക! അമ്മയുടെ ധൎമ്മോപദേശത്തെ ഒഴിച്ചുവിടൊല്ല! സദൃശങ്ങൾ ൧, ൮.

32. തോഴൻ എല്ലാകാലത്തും സ്നേഹിക്കുന്നു: ഞെരുക്കത്തിന്നു സഹോദരനായി ജനിക്കും. സദൃശങ്ങൾ ൧൭, ൧൭.

33. സന്തോഷിക്കുന്നവരോടു കൂടി സന്തോഷിക്കയും കരയുന്നവരോടു കൂടി കരകയും ചെയ്വിൻ! റോമർ ൧൨, ൧൫.

*34. പുരുഷന്റെ കോപം ദൈവനീതിയെ നടത്തുന്നില്ല. യാക്കോബ് ൧, ൨൰.

*35. കോപിച്ചാലും പാപം ചെയ്യായ്വിൻ! സൂൎയ്യൻ നിങ്ങളുടെ ചൊടിപ്പിന്മേൽ അസ്തമിക്കരുതു! എഫെ. ൪, ൨൬.

*36. ഓരോരുവൻ തന്റേവ അല്ല അന്യരുടേവറ്റെ വിചാരിച്ചുംകൊൾ്ക! ക്രിസ്തയേശുവിൽ ഉള്ള ഭാവം നിങ്ങളിലും ഉണ്ടാവൂതാക! ഫിലിപ്പ്യർ ൨, ൪.

37. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഏറെ ധന്യം. അപ്പോ. ൨൰, ൩൫.

38. സന്തോഷത്തോടേ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു. ൨. കൊരിന്തർ ൯, ൭.

*39. നിങ്ങളുടെ വാക്കു അതേ അതേ എന്നും ഇല്ല ഇല്ല എന്നും ആയിരിക്ക: ഇവററിന്നു മീതെയുള്ളതു ദുഷ്ടനിൽനിന്നാകുന്നു. മത്തായി ൫, ൩൭.

*40. മനത്താഴ്മയെ പുതെച്ചുകൊൾ്വിൻ! ദൈവം ഡംഭികളോടു എതിൎത്തു നിന്നു താഴ്മയുള്ളവൎക്കല്ലോ കരുണ നല്കുന്നു. ൧. പേത്രൻ ൫, ൫.

*41. എൻ ദൈവമേ, നീ ഹൃദയത്തെ ശോധന ചെയ്യുന്നവനെന്നും പരമാൎത്ഥം നിണക്കു പ്രസാദമുള്ളതെന്നും ഞാൻ അറിയുന്നു. ൧. നാളാ. ൨൯, ൧൭.

*42. തെററുകളെ ആർ ബോധിക്കുന്നു? മറഞ്ഞുള്ളവററിൽനിന്നു എന്നെ നിൎദ്ദോഷീകരിക്കേണമേ. സങ്കീൎത്തനം ൧൯, ൧൩.

*43. ചെറുപ്പത്തിലെ പാപങ്ങളെയും എൻ ദ്രോഹങ്ങളെയും ഓൎക്കാതെ നിന്റെ നന്മനിമിത്തം

യഹോവേ, നിൻ ദയാപ്രകാരം എന്നെ ഓൎത്തുകൊ
ള്ളേണമേ. സങ്കീൎത്തനം ൨൫, ൭.

44. എൻദേഹിയേ യഹോവയെ അനുഗ്രഹിക്ക:
അവന്റെ സകല ഉപകാരങ്ങളെ മറക്കയുമരുതേ!
സങ്കീൎത്തനം ൧൦൩, ൨.

---

*45. ഒന്നിന്നായും ചിന്തപ്പെടരുതേ! എല്ലാററിലും
സ്തോത്രം കൂടിയ പ്രാൎത്ഥനായാചനകളാലേ നിങ്ങ
ളുടെ ചോദ്യങ്ങൾ ദൈവത്തോടു അറിയിക്കപ്പെടാവൂ!
ഫിലിപ്പ്യർ ൪, ൬.

46. അല്പംകൊണ്ടാകട്ടെ അധികംകൊണ്ടാകട്ടെ
രക്ഷിപ്പാൻ യഹോവെക്കു തടസ്ഥം ഇല്ല. ൧. ശമു
വേൽ ൧൪, ൬.

47. കൎത്താവെ സേവിച്ചു ആശയാൽ സന്തോ
ഷിച്ചു ക്ലേശത്തിൽ സഹിച്ചുനിന്നു പ്രാൎത്ഥനയിൽ
അഭിനിവേശിച്ചു കൊൾ്വിൻ! റോമർ ൧൨, ൧൧. ൧൨.

48. അവൻ യഹോവയാകുന്നു: തനിക്കു പ്രസാദ
മുള്ളതിനെ ചെയ്യുമാറാക: ൧. ശമുവേൽ ൩, ൧൮.

*49. ദൈവത്തെ സ്നേഹിക്കുന്നവൎക്കു സകലവും
നന്മെക്കായി സഹായിക്കുന്നു എന്നു നാം അറിയുന്നു.
റോമർ ൮, ൨൮.

50. സമാധാനം ഞാൻ നിങ്ങൾക്കു വിട്ടേക്കുന്നു
എന്റെ സമാധാനത്തെ ഞാൻ നിങ്ങൾക്കു തരു
ന്നുണ്ടു. ലോകം തരുംപോലേ അല്ല ഞാൻ നിങ്ങൾ്ക്കു
തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങുകയും അഞ്ചു
കയും അരുതു! യോഹന്നാൻ ൧൪, ൨൭.

51. കൎത്താവെന്നോടു: എൻ കരുണ നിണക്കു
മതി, എന്റെ ശക്തിബലഹീനതയിൽ തികഞ്ഞുവരു
ന്നുവല്ലോ എന്നു പറഞ്ഞു. ൨. കൊരിന്തർ ൧൨, ൯.

*52. അല്ലയോ അദ്ധ്വാനിച്ചും ഭരം ചുമന്നും നടക്കുന്നോരേ ഒക്കയും എന്റെ അടുക്കെ വരുവിൻ! ഞാൻ നിങ്ങളെ തണുപ്പിക്കും. ഞാൻ സൌമ്യതയും ഹൃദയതാഴ്മയും ഉള്ളവനാകകൊണ്ടു എന്റെ നുകം നിങ്ങളിൽ ഏറ്റുകൊണ്ടു എങ്കൽനിന്നു പഠിപ്പിൻ! എന്നാൽ നിങ്ങളുടെ ദേഹികൾക്കു വിശ്രാമം കണ്ടെത്തും. കാരണം എന്റെ നുകം ഗുണമായും എന്റെ ചുമടു ലഘുവായും ഇരിക്കുന്നു. മത്തായി ൧൧, ൨൮—൩൦.

---

*53. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യൎക്കു വെച്ചുകിടക്കുന്നു. എബ്രായർ ൯, ൨൭.

*54. ജ്ഞാനഹൃദയം കൊണ്ടുവരത്തക്കവണ്ണം ഞങ്ങളുടെ ദിവസങ്ങളെ എണ്ണുവാൻ ഗ്രഹിപ്പിക്കേണമേ! സങ്കീൎത്തനം ൯൦, ൧൨.

*55. നാം കാഴ്ചകൊണ്ടല്ല സാക്ഷാൽ വിശ്വാസംകൊണ്ടു നടക്കുന്നവരാകുന്നു. ൨. കൊരിന്തർ ൫, ൭.

56. നിങ്ങളുടെ നാമങ്ങൾ സ്വൎഗ്ഗങ്ങളിൽ എഴുതിവെച്ചതിൽ സന്തോഷിച്ചുകൊൾ്വിൻ! ലൂക്ക് ൧൦, ൨൦.

57. എനിക്കു ജീവിക്കുന്നതു ക്രിസ്തൻ തന്നെ മരിക്കുന്നതും ലാഭമത്രെ. ഞാൻ യാത്രയായി ക്രിസ്തനോടു കൂടെ ഇരിപ്പാൻ കാംക്ഷപ്പെടുന്നു. ഫിലിപ്പ്യർ ൧, ൨൧—൨൩.

*58. മനുഷ്യപുത്രന്റെ മുമ്പിൽ നില്പാൻ യോഗ്യരായി തോന്നേണ്ടതിന്നു എല്ലാസമയത്തിലും പ്രാൎത്ഥിച്ചും ജാഗരിച്ചുംകൊണ്ടിരിപ്പിൻ! ലൂക്ക്. ൨൧, ൩൬.

# IV. നാലാം ഖണ്ഡം.

## (മൂന്നാം തരത്തിന്നു വേണ്ടി.)

1. സ്വൎഗ്ഗങ്ങൾക്കും ഭൂമിക്കും സ്രഷ്ടാവായി സൎവ്വശക്തനായി പിതാവായിരിക്കുന്ന ദൈവത്തിങ്കൽ ഞാൻ വിശ്വസിക്കുന്നു. (വിശ്വാസപ്രമാണം.)

*2. ലോകവും അതിൽ ഉള്ളവ ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വൎഭൂമികൾക്കു കൎത്താവാകകൊണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. അപ്പോ. ൧൭, ൨൪.

*3. ചെവിയെ നട്ടവൻ കേൾക്കാതിരിക്കുമോ? കണ്ണിനെ നിൎമ്മിക്കുന്നവൻ കാണാതിരിക്കുമോ? സങ്കീൎത്തനം ൯൪, ൯.

*4. സ്വൎഗ്ഗത്തിൽനിന്നു യഹോവ നോക്കി സകല മനുഷ്യപുത്രരെയും കാണുന്നു. സങ്കീ. ൩൩, ൧൩.

5. അവന്റെ പ്രവൃത്തി തികവുള്ളതു അവന്റെ വഴികൾ എല്ലാം ന്യായം തന്നെ. അവൻ സത്യത്തിന്റെ ദൈവം; അവനിൽ അന്യായം ഇല്ല; അവൻ നീതിയും നേരും ഉള്ളവൻ ആകുന്നു. ആവൎത്തനം ൩൨, ൪.

6. ദൈവം വ്യാജം പറയുംവണ്ണം മനുഷ്യനല്ല, അനുതപിക്കുംവണ്ണം മനുഷ്യപുത്രനുമല്ല. അവൻ പറഞ്ഞതു ചെയ്യാതെയും സംസാരിച്ചതു അനുഷ്ഠിക്കാതെയും ഇരിക്കുമോ. സംഖ്യ. ൨൩, ൧൯.

*7. ഉയരത്തിൽനിന്നുണ്ടായി അശേഷം നല്ല ദാനവും തികഞ്ഞവരവും വെളിച്ചങ്ങളുടെ പിതാവിൽനിന്നു ഇറങ്ങിവരുന്നുള്ളു. യാക്കോബ് ൧, ൧൭.

*8. അപ്പനു മക്കളിൽ കനിവുള്ളതു പോലെ യഹോവെക്ക തന്നെ ഭയപ്പെടുന്നവരിൽ കനിവുണ്ടു. സങ്കീൎത്തനം ൧൦൩, ൧൩.

*9. എല്ലാവരുടെ കണ്ണുകളും നിന്നെ പാൎത്തിരിക്കുന്നു: നീയും തത്സമയത്തു താന്താൻറ തീൻ അവൎക്ക നല്കുന്നു. തൃക്കൈ നീ തുറന്നു എല്ലാജീവിക്കും പ്രസാദതൃപ്തി വരുത്തുന്നു. സങ്കീൎത്തനം ൧൪൫, ൧൫, ൧൬.

10. ജീവനും ദയയും നീ എന്നോടു പ്രവൃത്തിച്ചു നിൻറ സന്ദൎശനം എൻ ആത്മാവിനെ കാത്തു. യോബ് ൧൦, ൧൨.

*11. യഹോവ ഭവനത്തെ തീൎക്കാതെ ഇരുന്നാൽ അതിനെ തീൎക്കുന്നവർ വെറുതെ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണത്തെ കാക്കാതെ ഇരുന്നാൽ കാവല്ക്കാരൻ വെറുതെ ഉണൎന്നിരിക്കുന്നു. സങ്കീൎത്തനം ൧൨൭, ൧.

*12. പ്രകാശത്തെ നിൎമ്മിച്ചും അന്ധകാരം സൃഷ്ടിച്ചും സമാധാനം ഉണ്ടാക്കി തിന്മവരുത്തിക്കൊണ്ടും ഇരിക്കുന്ന യഹോവയായ ഞാൻ ഇവയൊക്കയും ചെയ്യുന്നു. യശായ ൪൫, ൭.

13. അവൻറ ഏകപുത്രനായി നമ്മുടെ കൎത്താവായ യേശുക്രിസ്തുവിങ്കലും ഞാൻ വിശ്വസിക്കുന്നു. ആയവൻ പരിശുദ്ധാത്മാവിനാൽ മറിയ എന്ന കന്യകയിൽ ഉല്പാദിതനായി ജനിച്ചു പൊന്ത്യപിലാത്തൻറ താഴെ കഷ്ടമനുഭവിച്ചു ക്രൂശിക്കപ്പെട്ടു മരിച്ചു അടക്കപ്പെട്ടു പാതാളത്തിലിറങ്ങി മൂന്നാം ദിവസം ഉയിൎത്തെഴനീറ്റു സ്വൎഗ്ഗാരോഹണമായി സൎവ്വശക്തിയുള്ള പിതാവായ ദൈവത്തിൻറ വലത്തു

ഭാഗത്തിരിക്കുന്നു. അവിടെനിന്നു ജീവികളോടും മരിച്ചവരോടും ന്യായം വിസ്തരിപ്പാൻ വരികയും ചെയ്യും. (വിശ്വാസപ്രമാണം.)

*14. ഭയപ്പെടായ്വിൻ! കണ്ടാലും വംശത്തിന്നെല്ലാം ഉണ്ടാവാനുള്ള ഒരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. ഇന്നല്ലോ കൎത്താവാകുന്ന ക്രിസ്തൻ എന്ന രക്ഷിതാവു ദാവീദൂരിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. ലൂക്ക് ൨, ൧൦. ൧൧.

*15. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, താൻ ശുശ്രൂഷിപ്പാനും അനേകൎക്ക വേണ്ടി തന്റെ പ്രാണനെ വീണ്ടെടുപ്പായി കൊടുപ്പാനും വന്നിരിക്കുന്നു. മത്തായി ൨൦, ൨൮.

*16. നമ്മുടെ ദ്രോഹങ്ങൾ നിമിത്തം അവൻ മുറിഞ്ഞു നമ്മുടെ അകൃത്യങ്ങളാൽ തകൎന്നുപോയി: നമ്മുടെ ശാന്തിക്കുള്ള ദണ്ഡനം അവന്മേൽ ആയി അവന്റെ പുണ്ണിനാൽ നമുക്കു സൌഖ്യം വന്നു. യശായ ൫൩, ൫.

17. കൎത്താവേ, ഞങ്ങൾ ആരെ ചേൎന്നു പോകേണ്ടു? നിത്യജീവന്റെ മൊഴികൾ നിണക്കുണ്ടു: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹ എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു. യോഹന്നാൻ ൬, ൬൮. ൬൯.

*18. എന്റെ രാജ്യം ഈ ലോകത്തിൽ നിന്നുള്ളതല്ല. ഞാൻ രാജാവാകുന്നു സത്യം: സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചും അതിന്നായി ലോകത്തിൽ വന്നും ഇരിക്കുന്നു. സത്യത്തിൽ നിന്നുള്ളവൻ എല്ലാം എന്റെ ശബ്ദം കേൾക്കുന്നു. യോഹന്നാൻ ൧൮, ൩൬. ൩൭.

19. നമ്മെ സകല അധൎമ്മത്തിൽനിന്നും വീണ്ടെടുത്തു സൽക്രിയകളിൽ എരിവേറിയൊരു സ്വന്തജനത്തെ തനിക്ക തിരിച്ച ശുദ്ധീകരിക്കേണ്ടതിന്ന ക്രിസ്തു തന്നെത്താൻ നമുക്കവേണ്ടി കൊടുത്തിരിക്കുന്നു. തീതൻ ൨, ൧൪.

20. വിശ്വാസം മൂലം നീതീകരിക്കപ്പെട്ടിട്ട നമ്മുടെ കൎത്താവായ യേശുക്രിസ്തുനാൽ നമുക്ക ദൈവത്തോട്ട സമാധാനം ഉണ്ട. നാം നിലനില്ക്കുന്ന കരുണയിൽ അട്ടപ്പിച്ച അവനാൽ അത്രെ വിശ്വാസം മൂലം ലഭിച്ചതു. ദൈവതേജസ്സിൻ ആശയിങ്കൽ നാം പ്രശംസിക്കയും ചെയ്യുന്നു. റോമർ ൫, ൧. ൨.

*21. അവൻ വെളിച്ചത്തിൽ ഇരിക്കും പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ അന്യോന്യം കൂട്ടായ്മയുണ്ട: അവന്റെ പുത്രനായ യേശുക്രിസ്തുവിന്റെ രക്തം നമ്മെ സകലപാപത്തിൽനിന്നും ശുദ്ധീകരിക്കുന്നു. ൧. യോഹന്നാൻ ൧, ൭.

*22. നല്ല ഇടയൻ ഞാൻ ആകുന്നു. എന്റെ ആട്ടുകൾ എന്റെ ശബ്ദം കേൾക്കുന്നു. ഞാൻ അവററെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. അവററിന്ന ഞാൻ നിത്യജീവനെ കൊടുക്കുന്നു. അവ എന്നേക്കും നശിച്ചുപോകയില്ല. ആരും എന്റെ കയ്യിൽനിന്ന അവററെ പറിച്ചുകളകയുമില്ല. യോഹന്നാൻ ൧൦, ൧൧. ൨൭. ൨൮.

*23. ദൈവമേ, എനിക്ക ശുദ്ധഹൃദയം സൃഷ്ടിക്ക! ഉറപ്പുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കുക! തിരുമുഖത്തിൽനിന്ന എന്നെ തള്ളിക്കളകയും നിന്റെ വിശുദ്ധാത്മാവെ എന്നിൽനിന്ന എടുക്കയും ചെയ്യരുതു. സങ്കീൎത്തനം ൫൧, ൧൨. ൧൩.

*24. നിന്റെ യൌവനദിവസങ്ങളിൽ നിന്റെ സ്രഷ്ടാവിനെ ഓൎത്താലും: തിന്മനാളുകൾ വരുന്നതിന്നും ഇതിൽ എനിക്ക ഇഷ്ടം ഒട്ടും ഇല്ല എന്നു നീ പറയുന്ന ആണ്ടുകൾ അണയുന്നതിന്നും മുമ്പെ തന്നെ! സഭാപ്രസംഗി ൧൨, ൧.

25. എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കും: എന്നെ തേടുന്നവർ എന്നെ കണ്ടെത്തുകയും ചെയ്യും. സദൃശങ്ങൾ ൮, ൧൭.

26. പരിശുദ്ധാത്മാവിലും വിശുദ്ധന്മാരുടെ കൂട്ടായ്മയാകുന്ന ശുദ്ധസാധാരണസഭയിലും പാപമോചനത്തിലും ശരീരത്തോടെ ജീവിച്ചെഴുനീല്ക്കുന്നതിലും നിത്യജീവങ്കലും ഞാൻ വിശ്വസിക്കുന്നു. (വിശ്വാസപ്ര.)

27. യഹോവയെ ഭയപ്പെടുന്നവരെ ചെറിയവരും വലിയവരുമായി അവൻ അനുഗ്രഹിക്കും. സങ്കീൎത്തനം ൧൧൫, ൧൩.

*28. ഹേ മനുഷ്യ, നല്ലതിന്നതെന്നും യഹോവ നിന്നോടു അന്വേഷിക്കുന്നതിന്നതെന്നും നിന്നോടു അറിയിച്ചിട്ടുണ്ടല്ലോ: ന്യായം ചെയ്കയും ദയയെ സ്നേഹിക്കയും നിൻ ദൈവത്തോടു വിനയമായി നടക്കയും വേണ്ടുന്നതേയുള്ളു. മീഖ ൬, ൮.

29. വീണ്ടെടുപ്പിൻ നാളിലേക്ക നിങ്ങൾക്ക മുദ്രയായി വന്നുള്ള വിശുദ്ധദൈവാത്മാവിനെ ദുഃഖിപ്പിക്കൊല്ല! എഫെസ്യർ ൪, ൩൦.

30. അവന്റെ കല്പനകളെ സൂക്ഷിക്കുന്നതല്ലോ ദൈവസ്നേഹമാകുന്നു. അവന്റെ കല്പനകൾ ഭാരമുള്ളതുമല്ല. ൧. യോഹന്നാൻ ൫, ൩.

*31. തന്റെ യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടും ഒരുമ്പെടാതെയും ആ ഇഷ്ടപ്രകാരം ചെയ്യാതെയും

മുള്ള ദാസൻ വളരേ അടികൊള്ളും. അറിയാതെക ണ്ടു അടികൾക്കു യോഗ്യമായവ ചെയ്തവനോ കുറയ അടികൊള്ളും. ആൎക്കെല്ലാം വളരെ കൊടുക്കപ്പെട്ടു വോ അവനോടു വളരെ അന്വേഷിക്കപ്പെടും. ആരു ടെ പക്കൽ വളരെ സമൎപ്പിച്ചുവോ അവനോടു അധി കം ചോദിക്കയും ചെയ്യും. ലൂക്ക് ൧൨, ൪൭. ൪൮.

32. നിൻ പ്രസാദം ചെയ്വാൻ എന്നെ പഠിപ്പി ച്ചാലും! എൻ ദൈവം നീയല്ലോ: നിന്റെ നല്ല ആ ത്മാവു സമഭൂമിയിൽ എന്നെ നടത്തുകയാവൂ! സങ്കീ ൎത്തനം ൧൪൩, ൧൦.

*33. യൌവ്വനാഭിലാഷങ്ങളെ വിട്ടോടി നീതി വി ശ്വാസസ്നേഹങ്ങളെയും ശുദ്ധഹൃദയത്തിൽനിന്നു ക ൎത്താവെ വിളിക്കുന്നവർ എല്ലാവരോടും സമാധാന ത്തെയും പിന്തുടൎന്നുകൊൾക! ൨. തിമോ. ൨. ൨൨.

*34. ദുൎജ്ജനങ്ങളിൽ അസൂയഭാവിക്കയും അവരോടു കൂടുവാൻ ആഗ്രഹിക്കയും അരുതു! കാരണം അവ രുടെ ഹൃദയം നാശത്തെ ധ്യാനിക്കയും അധരങ്ങൾ കിണ്ടത്തെ ഉരെക്കയും ചെയ്യുന്നു. സദൃ. ൨൪, ൧. ൨.

35. യഹോവയെ വാഴ്ത്തുന്നതും, അത്യുന്നത തിരു നാമത്തെ കീൎത്തിക്കുന്നതും നല്ലതു. കാലത്തു നിന്റെ ദയയും രാത്രികളിൽ നിന്റെ വിശ്വസ്തതയും കഥി ക്കുന്നതും നന്നു. സങ്കീൎത്തനം ൯൨, ൨. ൩.

*36. നരെച്ചവന്റെ മുമ്പാകെ നീ എഴുനില്ക്ക യും വൃദ്ധന്റെ മുഖത്തെ ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും ചെയ്ക. ഞാൻ യഹോ വയാകുന്നു. ലേവ്യ ൧൯, ൩൨.

*37. കണ്ടാലും സഹോദരന്മാർ ചേൎന്നു ഒന്നിച്ചു വസിക്കുന്നതു എത്ര നല്ലതും എത്ര മനോഹരവുമാ

കുന്നു. അവിടെ അല്ലോ യഹോവ അനുഗ്രഹത്തെ കല്പിച്ചിരിക്കുന്നു: എന്നന്നേക്കുമുള്ള ജീവനെ തന്നെ. സങ്കീൎത്തനം ൧൩൩, ൩. ൩.

38. കൎത്താവിൽ എപ്പോഴും സന്തോഷിപ്പിൻ! പിന്നേയും ഞാൻ പറയുന്നു: സന്തോഷിപ്പിൻ! നിങ്ങളുടെ സൌമ്യത എല്ലാ മനുഷ്യൎക്കും അറിയായ്വരിക! ഫിലിപ്പ്യർ ൪, ൪. ൫.

*39. ദോഷത്തിന്നു ദോഷത്തെയും ശകാരത്തിന്നു ശകാരത്തെയും പകരം ചെയ്യാത്തവർ എന്നു തന്നെയല്ല ഇതിന്നായിട്ടു വിളിക്കപ്പെട്ടവരെന്നറിഞ്ഞു അനുഗ്രഹിക്കുന്നവരായും ഇരിപ്പിൻ! എന്നാൽ അനുഗ്രഹത്തെ അനുഭവിപ്പാറാകും. ൧. പേത്രൻ ൩, ൯.

*40. നിന്റെ മുഖത്തിലെ വിയൎപ്പോടു കൂടെ നീ അപ്പം ഭക്ഷിക്കും. കാരണം നീ പൂഴിയാകുന്നു: പൂഴിയോടു തിരികെ ചേരുകയും ചെയ്യും. ഉല്പത്തി ൩, ൧൯.

*41. വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്ക; മണ്ടി ചാടിയ സാധുക്കളെ പുരയിൽ കൊണ്ടുവരിക; നഗ്നനെ കണ്ടാൽ പുതപ്പിക്ക; നിന്റെ ഉടപ്പിറപ്പിൽ നിന്നു ഒളിച്ചുകൊള്ളരുതു! യശാ. ൫൮, ൭.

42. ഉയരമുള്ളവറ്റെ ചിന്തിക്കാതെ താണവററിൽ ഉൾപ്പെട്ടും കൊൾക! റോമർ ൧൨, ൧൬.

*43. യഹോവ നേരുള്ളവൎക്ക വസ്തുത്വം നിക്ഷേപിക്കുന്നു. തികവിൽ നടക്കുന്നവൎക്ക പലിശയാകും. സദൃശങ്ങൾ ൨, ൭.

*44. വ്യാജത്തെ ഞാൻ പകെച്ചു വെറുക്കുന്നു: നിൻ ധൎമ്മത്തെ സ്നേഹിക്കുന്നു. സങ്കീ. ൧൧൯, ൧൬൩.

*45. തിന്മയിൽ നിന്നു നിൻ നാവിനെയും ചതി ചൊല്ലുതിൽ നിന്നു അധരങ്ങളെയും സൂക്ഷിക്ക! ദോഷത്തോടു അകന്നു ഗുണം ചെയ്ക, സമാധാനത്തെ അന്വേഷിച്ചു അതിനെ പിന്തേരുക! സങ്കീൎത്തനം ൩൪, ൧൩. ൧൪.

*46. യഹോവേ, നീ എന്നെ ആരാഞ്ഞു അറിഞ്ഞിരിക്കുന്നു. എൻ ഇരിപ്പും എഴുനീല്പും നീയേ അറിയുന്നു. എൻ അഭിപ്രായം ദൂരത്തു നിന്നു ബോധിക്കുന്നു. എൻ നടപ്പും കിടപ്പും നീ ചേറിക്കണ്ടു എന്റെ എല്ലാവഴികളിലും പരിചയിച്ചിരിക്കുന്നു. യഹോവേ, കണ്ടാലും നീ മുററും അറിയാത്ത ഒരു മൊഴിയും എന്റെ നാവിൽ ഇല്ലല്ലോ. സങ്കീ. ൧൩൯, ൧–൪.

*47. തന്റെ ദ്രോഹങ്ങളെ മൂടുന്നവന്നു സിദ്ധിയില്ല: ഏററു പറഞ്ഞു വിടുന്നവന്നു കനിവുണ്ടാകും. സദൃശങ്ങൾ ൨൮, ൧൩.

*48. എൻദേഹിയേ, യഹോവയെ അനുഗ്രഹിക്ക! എൻ ഉള്ളിലേവയെല്ലാം അവന്റെ വിശുദ്ധനാമത്തെ തന്നെ. നിന്റെ അകൃത്യങ്ങളെ ഒക്കെയും ക്ഷമിച്ചു നിന്റെ എല്ലാ ബാധകൾക്കും ചികിത്സിച്ചു നിന്റെ ജീവനെ കുഴിയിൽനിന്നു വീണ്ടെടുത്തും ദയയും കനിവും ചൂടിച്ചും തരുന്നവനെ തന്നെ. സങ്കീൎത്തനം ൧൦൩, ൧. ൩. ൪.

---

*49. ഏതു തിന്നും ഏതു കുടിക്കും എന്നു നിങ്ങളുടെ പ്രാണന്നായിക്കൊണ്ടും ഏതുടുക്കും എന്നു ശരീരത്തിന്നായും ചിന്തപ്പെടരുതു! ആഹാരത്തേക്കാൾ പ്രാണനും ഉടുപ്പിനേക്കാൾ ശരീരവും ഏറെ വലുതല്ലോ. മത്തായി ൬, ൨൫.

50. കൎത്താവു നാളിൽ നാളിൽ അനുഗ്രഹിക്കപ്പെട്ടവനാക! നമ്മിൽ ഭാരം ചുമത്തിയാൽ ദൈവംതന്നെ നമ്മുടെ രക്ഷ. ഈ ദൈവം നമുക്കു ത്രാണനങ്ങളുടെ ദൈവം: മരണത്തിൽനിന്നു പോക്കുകൾ യഹോവ എന്ന കൎത്താവിൻ വക്കൽ ഉണ്ടു. സങ്കീ. ൬൮, ൨൦.൨൧.

*51. നമുക്കു ഈ നൊടികൊണ്ടുള്ള ലഘുസങ്കടം അനവധി അതിയായിട്ടു നിത്യതേജസ്സിൻ ധനത്തെ നമുക്കു സമ്പാദിക്കുന്നു. അതിന്നായും നാം കാണുന്നവയല്ല കാണാത്തവയത്രെ നോക്കിക്കൊള്ളുന്നു. കാണുന്നതല്ലോ താല്ക്കാലികം കാണാത്തതു നിത്യം തന്നെ. ൨. കൊരി. ൪, ൧൭. ൧൮.

*52. പരീക്ഷ സഹിക്കുന്ന ആൾ ധന്യൻ: അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കൎത്താവു തന്നെ സ്നേഹിക്കുന്നവൎക്കു വാഗ്ദത്തം ചെയ്ത ജീവകിരീടത്തെ പ്രാപിക്കും സത്യം. യാക്കോബ് ൧, ൧൨.

53. എനിക്കു ദൈവസാമീപ്യം നല്ലു: നിന്റെ തൊഴിലുകളെ എല്ലാം ഞാൻ വൎണ്ണിപ്പാനായി യഹോവയായ കൎത്താവിൽ എൻ ആശ്രയം വെച്ചിരിക്കുന്നു. സങ്കീൎത്തനം ൭൩, ൨൮.

54. വാൎദ്ധക്യത്തോളവും ഞാൻ അവൻ താൻ: നരവരേയും നിങ്ങളെ ചുമക്കും. ഞാൻ അങ്ങിനേ ചെയ്തു ഞാൻ വഹിക്കയും ഞാൻ ചുമക്കയും വിടുവിക്കയും ചെയ്യും. യശായ ൪൬, ൪.

55. നാം നല്ലതിനെയും ദൈവത്തിൽ നിന്നു അംഗീകരിക്കുന്നുവല്ലോ: തിന്മയെ അംഗീകരിക്കാതിരിക്കുമോ? യോബ് ൨, ൧൦.

56. നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടു; ലോകത്തിൽ നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും. എങ്കിലും

ധൈൎയ്യപ്പെടുവിൻ! ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു. യോഹന്നാൻ ൧൬, ൩൩.

57. യഹോവ എന്റെ വെളിച്ചവും രക്ഷയും തന്നെ: ഞാൻ ആരെ ഭയപ്പെടും? യഹോവ എന്റെ ജീവന്റെ ശരണം: ഞാൻ ആരെ പേടിക്കും? സങ്കീൎത്തനം ൨൭, ൧.

*58. മലകൾ നീങ്ങുകയും കുന്നുകൾ കുലുങ്ങുകയും ആം. എന്നാൽ നിന്നോടുള്ള എന്റെ ദയ നീങ്ങുകയില്ല എന്റെ സമാധാനനിയമം കുലുങ്ങുകയും ഇല്ല എന്നു നിന്നെ കനിഞ്ഞ യഹോവ പറയുന്നു. യശായ ൫൪, ൧൦.

59. പിതാവേ, നീ ലോകസ്ഥാപനത്തിന്നു മുമ്പെ എന്നെ സ്നേഹിച്ചിട്ടു എനിക്കു നല്കിയ എന്റെ തേജസ്സിനെ നീ എനിക്കു തന്നിട്ടുള്ളവർ കാണ്മാൻ തക്കവണ്ണം ഞാൻ ഇരിക്കുന്ന ഇടത്തു അവരും എന്റെ കൂടെ ഇരിക്കേണമെന്നു ഞാൻ ഇച്ഛിക്കുന്നു. യോഹന്നാൻ ൧൭, ൨൪.

*60. കൎത്താവായ യേശുക്രിസ്തന്റെ കരുണയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിപ്പുതാക! ൨. കൊരിന്തർ ൧൩, ൧൪.

---

*61. സകലജഡവും പുല്ലുപോലെയും അതിൻ തേജസ്സ് എല്ലാം പുല്ലിൻ പൂപോലെയും ആകുന്നു. പുല്ലു വാടി പൂവുതിരുകയും ചെയ്യുന്നു: കൎത്താവിൻ വചനമോ എന്നേക്കും നിലനില്ക്കുന്നു. ൧. പേത്രൻ ൧, ൨൪. ൨൫.

62. നിങ്ങളുടെ കൎത്താവു വരുന്ന ദിവസം ഇന്നതെന്നു അറിയായ്കകൊണ്ടു ഉണൎന്നുകൊൾവിൻ! മത്തായി ൨൪, ൪൨.

63. നമ്മിൽ ആരും തനിക്കതന്നെ ജീവിക്കുന്നില്ല ആരും തനിക്കതന്നെ ചാകുന്നതുമില്ല: നാം ജീവിച്ചാലും കൎത്താവിന്നു ജീവിക്കുന്നു; ചത്താലും കൎത്താവിന്നു ചാകുന്നു. അതുകൊണ്ടു ജീവിച്ചാലും ചത്താലും കൎത്താവിന്നുള്ളവരാകുന്നു. റോമർ ൧൪, ൭. ൮.

64. ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ഒരുത്തൻ എന്റെ വചനം കാത്തു കൊണ്ടാൽ അവൻ എന്നേക്കും മരണം കാണുകയില്ല. യോഹന്നാൻ ൮, ൫൧.

65. നീതിമാന്റെ ഓൎമ്മ അനുഗ്രഹത്തിന്നു ആകും! ദുഷ്ടരുടെ പേരോ പുഴുത്തു പോകും. സദൃശങ്ങൾ ൧൦, ൭.

*66. ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനയെ കാത്തുകൊൾക! ഇതു എല്ലാമനുഷ്യൎക്കും വേണ്ടതല്ലോ. കാരണം നല്ലതായാലും തിയ്യതായാലും സകലക്രിയയെയും ദൈവം മറന്നതിന്നു ഒക്കെക്കും നടത്തുവാനുള്ള ന്യായവിധിയിൽ വരുത്തും. സഭാപ്രസംഗി ൧൨, ൧൩. ൧൪.

*67. കൎത്താവിൽ ചാകുന്ന മൃതന്മാർ ഇന്നുമുതൽ ധന്യർ തന്നെ. അതേ അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു ഒഴിഞ്ഞു തണുക്കേണ്ടതു: അവരുടെ ക്രിയകൾ അവൎക്കു പിഞ്ചെല്ലുകയും ചെയ്യുന്നു എന്നു ആത്മാവു പറയുന്നു. വെളിപ്പാടു ൧൪, ൧൩.

68. എന്റെ പിതാവിൻ ഭവനത്തിൽ പലപാൎപ്പിടങ്ങളുമുണ്ടു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ

പോകുന്നു സത്യം. ഞാൻ ഇരിക്കുന്നതിൽ നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നേയും വന്നു നിങ്ങളെ എന്നോടു ചേൎത്തുകൊള്ളും. യോഹന്നാൻ ൧൪, ൨. ൩.

69. സമാധാനത്തിന്റെ ദൈവമായവൻ തന്നെ നിങ്ങളെ അശേഷം ശുദ്ധീകരിക്ക: നിങ്ങളുടെ ആത്മാവും ദേഹവും ദേഹിയും സമസ്തം നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടുക! ൧. തെസ്സ. ൫, ൨൩.

*70. നിന്റെ കിരീടത്തെ ആരും എടുക്കാതവാൻ നിണക്കുള്ളതിനെ പിടിച്ചുകൊൾ്ക! വെളിപ്പാടു ൩, ൧൧.

71. കൎത്താവു സകലദുഷ്ക്കാൎയ്യത്തിൽനിന്നും എന്നെ ഉദ്ധരിച്ചു തന്റെ സ്വൎഗ്ഗീയരാജ്യത്തിൽ ആക്കി രക്ഷിക്കും. അവന്നു യുഗയുഗാന്തരങ്ങളോളം തേജസ്സുണ്ടാവൂതാക! ൨. തിമോത്ഥ്യൻ ൪, ൧൮.

72. നല്ലവനും വിശ്വസ്തനും ആയ ദാസനേ, നീ അല്പത്തിങ്കൽ വിശ്വസ്തനായിരുന്നു നിന്നെ പലതിന്മേലും ആക്കിവെക്കും: നിന്റെ കൎത്താവിൻ സന്തോഷത്തിൽ അകമ്പുകുക! മത്തായി ൨൫, ൨൧.

*73. ദൈവം തന്നെ സ്നേഹിക്കുന്നവൎക്ക ഒരുക്കിയവ കണ്ണ് കാണാത്തതും ചെവി കേൾ്ക്കാത്തതും മനുഷ്യന്റെ ഹൃദയത്തിൽ ഏറാത്തതുമായവയത്രെ. ദൈവം തന്റെ ആത്മമൂലം നമുക്ക വെളിപ്പെടുത്തിയിരിക്കുന്നു. ൧. കൊരിന്തർ ൨, ൯. ൧൦.

74. ദൈവം അവരുടെ കണ്ണുകളിൽനിന്നു അശ്രുക്കളെല്ലാം തുടച്ചുകളയും വെളിപ്പാടു ൨൧, ൪.

# V. അഞ്ചാം ഖണ്ഡം.

## (സ്ഥിരീകരണപുസ്തകം അനുസരിച്ച ക്രമപ്പെടുത്തിയതു.)

### (1) നാലാം തരത്തിന്നു വേണ്ടി.

(A. തലവാചകം. ചോദ്യം 1—4.)

1. ഭൂമിയിൽ ഉള്ളവയല്ല മേലേവ തന്നെ വിചാരിപ്പിൻ! കൊലൊസ്സർ ൩, ൨.

*2. പുഴുവും പൂപ്പും കെടുക്കയും കള്ളന്മാർ തുരന്നു കക്കുകയും ചെയ്യുന്ന ഈ ഭൂമിമേൽ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിക്കാതെ പുഴുവും പൂപ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു കക്കാതെയും ഇരിക്കുന്ന സ്വൎഗ്ഗത്തിലത്രെ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിച്ചു കൊൾ്വിൻ! കാരണം നിങ്ങളുടെ നിക്ഷേപം എവിടെ അവിടെ നിങ്ങളുടെ ഹൃദയവും ആകും. മത്തായി ൬, ൧൯. ൨൧.

3. നിത്യജീവൻ എന്നതോ സത്യമായുള്ള ഏകദൈവമാകുന്ന നിന്നെയും നീ അയച്ച യേശു തന്നെ ക്രിസ്തൻ എന്നും അറിയുന്നതു തന്നെ. യോഹന്നാൻ ൧൭, ൩.

---

*4. കൎത്താവേ, കൎത്താവേ, എന്നു പറയുന്നവനെല്ലാം സ്വൎഗ്ഗരാജ്യത്തിൽ കടക്കയില്ല: സ്വൎഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടത്തെ ചെയ്യുന്നവനത്രെ. മത്തായി ൭, ൨൧.

5. നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ പിതാവായ ദൈവത്തിന്നു സ്തോത്രം! അവൻ തന്റെ കനി

വിൻ ആധിക്യപ്രകാരം യേശുക്രിസ്തൻ മരിച്ചവരിൽ നിന്നു എഴനീററതിനാൽ നമ്മെ വീണ്ടും ജനിപ്പിച്ചതു ജീവനുള്ള പ്രത്യാശെക്കും വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെട്ടുന്ന നിങ്ങൾക്കായി സ്വൎഗ്ഗത്തിൽ സൂക്ഷിച്ചു വെച്ചതും കേടു മാലിന്യം വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിന്നും തന്നെ. ൧. പേത്രൻ ൧, ൩. ൪. ൫.

6. പുത്രനുള്ളവന്നു ജീവനുണ്ടു: ദൈവപുത്രൻ ഇല്ലാത്തവന്നു ജീവനുമില്ല. ൧. യോഹ. ൫, ൧൨.

---

7. നീ ബാല്യം മുതൽ തിരുവെഴുത്തുകളെ അറികകൊണ്ടു ആയവ ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയാകുന്നു. സകലവേദവാക്യം ദൈവശ്വാസീയം ആകയാൽ ഉപദേശത്തിന്നും പ്രാമാണ്യത്തിന്നും ശാസനത്തിന്നും നീതിയിലെ അഭ്യാസത്തിന്നും ദൈവമനുഷ്യൻ സകല നല്ല പ്രവൃത്തിക്കും കോപ്പുണ്ടായി തികഞ്ഞവൻ ആകുവാനും പ്രയോജനമാകുന്നു. ൨. തിമോ. ൩, ൧൫. ൧൭.

8. നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു: ഇന്നതു ആകും എന്നു ഇതുവരേ പ്രസിദ്ധമായതുമില്ല. പ്രസിദ്ധമായാലോ നാം അവനെ ഉള്ളവണ്ണം കാണ്മതിനാൽ അവനോടു സദൃശന്മാരാകും. ൧. യോഹന്നാൻ ൩, ൨. ൩.

*9. വിശ്വസിച്ചും സ്നാനപ്പെട്ടും ഉള്ളവൻ രക്ഷിക്കപ്പെടും: വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. മാൎക്ക ൧൬, ൧൬.

---

(B. സ്നാനത്തെക്കുറിച്ചുള്ള ചോദ്യം 5—11.)

*10. സ്വൎഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാ പുത്രൻ വിശുദ്ധാത്മാവു എന്നീ നാമത്തിലേക്കു സ്നാനം ഏല്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചവ ഒക്കയും സൂക്ഷിപ്പാൻ തക്കവണ്ണം ഉപദേശിച്ചും ഇങ്ങിനെ സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ! ഞാനോ ഇതാ യുഗസമാപ്തിയോളം എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടു. മത്തായി ൨൮, ൧൮—൨൦.

*11. നിങ്ങൾ മനം തിരിഞ്ഞു ഓരോരുത്തൻ പാപമോചനത്തിന്നായി യേശു ക്രിസ്തന്റെ നാമത്തിൽ സ്നാനം ഏല്ക്കുക! എന്നാൽ വിശുദ്ധാത്മാവാകുന്ന ദാനം ലഭിക്കും. അപ്പോ. ൨, ൩൮.

---

12. ക്രിസ്തുങ്കലേക്കു സ്നാനപ്പെട്ട നിങ്ങൾ എപ്പേരും ക്രിസ്തനെ ഉടുത്തിരിക്കുന്നു. ഗലാത്യർ ൩, ൨൭.

*13. ആമെൻ ആമെൻ ഞാൻ നിന്നോടു പറയുന്നു: വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും ജനിച്ചില്ല എങ്കിൽ ഒരുത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല. യോഹന്നാൻ ൩, ൫.

---

14. നാം അവന്റെ കരുണയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിന്നു നാം ചെയ്ത നീതിക്രിയകളെ വിചാരിച്ചല്ല തന്റെ കനിവാലത്രെ നമ്മെ രക്ഷിച്ചിരിക്കുന്നതു നമ്മുടെ രക്ഷിതാവായ യേശു ക്രി

സ്തൻമൂലം നമ്മുടെ മേൽ ധാരാളമായി പകൎന്നു തന്ന വിശുദ്ധാത്മാവിലേ നവീകരണവും പുനൎജ്ജന്മവും ആകുന്ന കുളികൊണ്ടു തന്നെ. തീതൻ ൩, ൫. ൬.

15. ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു. കൎത്താവു തനിക്കുള്ളവരെ അറിഞ്ഞിരിക്കുന്നുവെന്നും കൎത്താവിൻനാമത്തെ ഉച്ചരിക്കുന്നവനെല്ലാം അനീതിയെ വൎജ്ജിച്ചുകൊൾക എന്നും ഉള്ളതു തന്നെ അതിന്നു മുദ്രയാകുന്നു. ൨. തിമോത്ഥ്യൻ ൨, ൧൯.

16. ഞാൻ ഇസ്രയേൽഗൃഹത്തോടു തീൎക്കും നിയമം ഇതു തന്നെ: എന്റെ ധൎമ്മത്തെ ഞാൻ അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയത്തിൽ എഴുതും. ഞാൻ അവൎക്കു ദൈവവും അവർ എൻ ജനവും ആകും. യറമിയ ൩൧, ൩൩.

---

(C. വിശ്വാസത്തെ കുറിച്ചുള്ള ചോദ്യം 12—42.)

*17. വിശ്വാസം ആകട്ടെ ആശിച്ചവററിങ്കൽ ആശ്രയവും കാണപ്പെടാത്ത കാൎയ്യങ്ങളുടെ പ്രാമാണ്യവുമാകുന്നു. എബ്രായർ ൧൧, ൧.

*18. എന്നാൽ വിശ്വാസം കൂടാതെ ദൈവപ്രസാദം വരുത്തുവാൻ കഴികയില്ല: ദൈവം ഉണ്ടെന്നും തന്നെ തിരയുന്നവൎക്കു പ്രതിഫലം കൊടുക്കുന്നവനെന്നും വിശ്വസിച്ചിട്ടു വേണമല്ലോ ദൈവത്തെ അണയുവാൻ. എബ്രായർ ൧൧, ൬.

---

*19. അവൎക്കു ദൈവം പ്രകാശിപ്പിച്ചതിനാലല്ലോ ദൈവത്തിങ്കൽ അറിയാവുന്നതു അവരിൽ സ്പഷ്ടമാ

കുന്നു. എന്തെന്നാൽ അവന്റെ ശാശ്വതശക്തിയും ദിവ്യത്വവുമായി അവന്റെ കാണാത്ത ഗുണങ്ങൾ ലോകസൃഷ്ടിമുതൽ പണികളാൽ ബുദ്ധിക്കു തിരിഞ്ഞു കാണായി വരുന്നതു അവർ പ്രതിവാദം ഇല്ലാതെ ആവാൻ തന്നെ. റോമർ ൧, ൨൰.

*20. ധൎമ്മമില്ലാത്ത ജാതികളും ധൎമ്മത്തിൽ കല്പിച്ചവ സ്വഭാവത്താൽ ചെയ്യുന്തോറും ഇങ്ങിനെ ധൎമ്മമില്ലാതിരിക്കുന്നവർ തങ്ങൾക്കു തന്നെ ധൎമ്മമാകുന്നു. ധൎമ്മത്തിൻ ക്രിയ തങ്ങളുടെ ഹൃദയങ്ങളിൽ എഴുതി കിടക്കുന്നപ്രകാരം കാട്ടി ഒപ്പിക്കുന്നുവല്ലോ. അവരുടെ മനോബോധവും കൂടെ സാക്ഷ്യം കൊടുക്കുന്നു. അവൎക്കു തമ്മിൽ വിചാരങ്ങൾ കുററം ചുമത്തുകയും പ്രതിവാദം ചൊല്കയും ചെയ്യും. റോമർ ൨, ൧൪. ൧൫.

21. ദൈവവചനം എന്നതോ ജീവനും ചൈതന്യവും ഉള്ളതായി ഇരുമുനയുള്ള എതു വാളിനേക്കാളും മൂൎത്തും ആത്മാവെയും ദേഹിയെയും സന്ധിമജ്ജകളെയും വേൎവ്വിടുക്കും വരെ കൂടി ചെല്ലുന്നതും ഹൃദയത്തിലേ ചിന്തനാഭാവങ്ങളെയും വകതിരിക്കുന്നതുമാകുന്നു. എബ്രായർ ൪, ൧൨.

22. ദൈവത്തെ ഒരുത്തനും ഒരുനാളും കണ്ടിട്ടില്ല: പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതനായ പുത്രൻ അവനെ തെളിയിച്ചിരിക്കുന്നു. യോഹ. ൧, ൧൮.

*23. ദൈവം ആത്മാവാകുന്നു: അവനെ കുമ്പിടുന്നവർ ആത്മാവിലും സത്യത്തിലും കുമ്പിടുകയും വേണം. യോഹന്നാൻ ൪, ൨൪.

24. കൎത്താവേ, നീ തലമുറ തലമുറയായിട്ടു ഞങ്ങൾക്കു ശരണമാകുന്നു. മലകൾ ജനിച്ചതിന്നും നീ ഭൂമിയെയും ഊഴിയെയും ഉല്പാദിച്ചതിന്നു മുമ്പെ

യുഗം മുതൽ യുഗപൎയ്യന്തം, ദൈവമേ, നീ ഉണ്ടു. സങ്കീൎത്തനം ൹൦, ൨. ൨.

25. ദൈവമേ, നിന്റെ ആണ്ടുകൾ തലമുറ തലമുറകളോളം ഉണ്ടു. പൂൎവ്വത്തിങ്കൽ നീ ഭൂമിയെ സ്ഥാപിച്ചു വാനങ്ങൾ തൃക്കൈകളുടെ ക്രിയയും തന്നെ. അവ കെട്ടുപോകും നീ നില്ക്കും. അവ എല്ലാം വസ്ത്രം പോലെ പഴകും ഉടുപ്പുകണക്കേ നീ അവററ മാററും അവ തേമ്പുകയും ചെയ്യുന്നു. നീയോ അവൻ തന്നെ നിന്റെ ആണ്ടുകൾ തീൎന്നു പോകയുമില്ല. സങ്കീൎത്തനം ൧൦൨, ൨൫—൨൭.

*26. വാനങ്ങൾ ദൈവതേജസ്സെ വൎണ്ണിക്കുന്നു. ആകാശത്തട്ടു അവന്റെ കൈക്രിയയെ കഥിക്കുന്നു. പകൽ പകലിന്നു ചൊല്ലിനെ പൊഴിയുന്നു; രാത്രി രാത്രിക്കു അറിവിനെ ഗ്രഹിപ്പിക്കുന്നു. സങ്കീൎത്തനം ൧൯, ൨. ൩.

27. അത്യുന്നതന്റെ മറവിൽ വസിച്ചും സൎവ്വശക്തന്റെ നിഴലിൽ പാൎത്തുംകൊണ്ടു ഞാൻ യഹോവയോടു: ഹേ എൻ ആശ്രയവും ദുൎഗ്ഗവും ഞാൻ തേറുന്ന ദൈവവും എന്നു പറയും. സങ്കീൎത്തനം ൯൧, ൧. ൨.

*28. യുഗങ്ങളുടെ രാജാവായി അക്ഷയനും അദൃശ്യനും ആകുന്ന ഏകദൈവത്തിന്നു ബഹുമാനവും തേജസ്സും യുഗയുഗാന്തരങ്ങളോളം ഉണ്ടാവൂതാക. ൧. തിമോത്ഥ്യൻ ൧, ൧൭.

*29. ഹാ ദൈവത്തിന്റെ കൃപാധനം ജ്ഞാനം അറിവു ഇവററിൻ ആഴമെന്തു? അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും വഴികൾ അഗോചരവുമാകുന്നു? കൎത്താവിൻ മനസ്സു ആരു പോൽ അറി

ഞ്ഞു അവന്നു ആരു പോൽ മന്ത്രിയായി കൂടി? റോമർ ൧൧, ൩൩. ൩൪.

*30. അവൻ ഒരു രക്തത്തിൽനിന്നു മനുഷ്യജാതിഒക്കയും ഉളവായി ഭൂതലത്തിൽ എങ്ങും കുടിയിരിക്കുമാറാക്കിയതല്ലാതെ അവരുടെ കുടിയിരിപ്പിന്നു നിൎണ്ണയിച്ച സമയങ്ങളെയും അതിരുകളെയും നിശ്ചയിച്ചിരിക്കുന്നു. അപ്പോ. ൧൭, ൨൬—൨൭.

31. എല്ലാവൎക്കും മേലെട്ടും എല്ലാവരെക്കൊണ്ടും പ്രവൃത്തിച്ചും എല്ലാവരിലും ഇരുന്നും എല്ലാവൎക്കും ഒരു ദൈവവും പിതാവുമായവൻ ഉണ്ടു. എഫെ. ൪, ൬.

32. നിന്റെ ആത്മാവിൽനിന്നു ഞാൻ എവിടെ പോവു തിരുമുഖത്തെ വിട്ടു എവിടേക്കു മണ്ടും? സ്വൎഗ്ഗം ഞാൻ ആരോഹിച്ചാലും നീ അവിടെ ഉണ്ടു പാതാളത്തെ കിടക്കയാക്കിയാലും നീ അതാ. ഞാൻ അരുണോദയ ചിറകുകളെ എടുത്തു കടലറുതികളിൽ കുടിയിരുന്നാലും അവിടെയും തൃക്കൈ എന്നെ നടത്തും നിൻ വലങ്കൈ എന്നെ പിടിക്കും. സങ്കീൎത്തനം ൧൩൯, ൭. ൧൦.

*33. ദൈവം മനുഷ്യന്റെ പ്രവൃത്തിയെ അവന്നു പകരം കൊടുക്കുന്നു. അവനവന്റെ മാൎഗ്ഗം പോലെ അവനെ എത്തിക്കയും ചെയ്യും. ദൈവം ദോഷം ചെയ്കയില്ല സൎവ്വശക്തൻ ന്യായത്തെ മറിക്കയുമില്ല. യോബ് ൩൪, ൧൧. ൧൨.

*34. ദൈവം വെളിച്ചമാകുന്നു അവനിൽ ഇരുട്ടു ഒട്ടുമില്ല. അവനോടു കൂട്ടായ്മ ഉണ്ടെന്നു ചൊല്ലി നാം ഇരുട്ടിൽ നടന്നാൽ കളവു പറയുന്നു സത്യം ചെയ്യുന്നതുമില്ല. ൧. യോഹനാൻ ൧, ൫. ൬.

*35. നിങ്ങളെ വിളിച്ച വിശുദ്ധന്നു തക്കവണ്ണം അനുസരണമുള്ള പൈതങ്ങളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ: ഞാൻ വിശുദ്ധനാകയാൽ വിശുദ്ധരാകുവിൻ എന്നു എഴുതിയിരിക്കുന്നുവല്ലോ. ൧. പേത്രൻ ൧, ൧൫. ൧൬.

*36. യഹോവയുടെ വചനം നേരുള്ളതു അവന്റെ സകലക്രിയയും വിശ്വാസ്യതയിൽ തന്നെ. സങ്കീൎത്തനം ൩൩, ൪.

*37. കനിവു ഒട്ടുങ്ങായ്കയാൽ യഹോവകരുണകൾ നാം മുടിയാത്തതിന്നു കാരണം. ഉഷസ്സുതോറും അവ പുതുതും നിന്റെ വിശ്വാസ്യത വലുതും ആകുന്നു. വിലാപം. ൩, ൨൨. ൨൩.

*38. ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നുവെന്നു ബോധിക്കാതെ അവന്റെ ദയ പൊറുതി ദീൎഘക്ഷാന്തി ഇവററിൻ ധനത്തെ നിരസിക്കുന്നുവോ? റോമർ ൨, ൪.

*39. യഹോവ കരളലിവും കനിവുമുള്ളവൻ; ദീൎഘക്ഷാന്തിയും ദയയും പെരുകിയവൻ തന്നെ. നമ്മുടെ പാപങ്ങൾക്കു തക്കവണ്ണം നമ്മോടു ചെയ്യാ, നമ്മുടെ അകൃത്യങ്ങൾ പോലെ നമ്മിൽ പിണെക്കാ. കാരണം സ്വൎഗ്ഗം ഭൂമിമേൽ ഉയരുംപോലെ അവനെ ഭയപ്പെടുന്നവരുടെ മേൽ അവന്റെ ദയ ഉയരുന്നു. ഉദയം അസ്തമാനത്തോടു അകലുംപോലെ അവൻ നമ്മുടെ ദ്രോഹങ്ങളെ നമ്മോടു അകററുന്നു. സങ്കീൎത്തനം ൧൦൩, ൮. ൧൦ — ൧൨.

*40. വാനത്തിലേ പറവജാതികളെ നോക്കുവിൻ! അവ വിതെക്കാതെയും കൊയ്യാതെയും പാണ്ടിശാലകളിൽ കൂട്ടി വെക്കാതെയും ഇരിക്കുന്നു. എന്നിട്ടും

സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവററെ പുല ത്തുന്നു. അവററിൽ നിങ്ങൾ ഏററം വിശേഷമ ല്ലോ. മത്തായി ൬, ൨൬.

41. നിങ്ങളുടെ നിനവുകൾ എൻ നിനവുകൾ അല്ലല്ലോ എൻ വഴികൾ നിങ്ങളുടെ വഴികളും അല്ല ല്ലോ എന്നു യഹോവയുടെ അരുളപ്പാടു. ഭൂമിയി ലും വാനങ്ങൾ ഉയരുംപ്രകാരം തന്നെ അങ്ങേ വഴി കളിൽ എൻ വഴികളും അങ്ങേ നിനവുകളിൽ എൻ നിനവുകളും ഉയരുന്നു സത്യം. യശാ. ൫൫, ൮. ൯.

---

42. വാനത്തിലാകട്ടെ ഭൂമിയിൽ ആകട്ടെ ദേവ കൾ എന്നു ചൊല്ലിയവർ ഉണ്ടെങ്കിലും പിതാവാകു ന്ന ഏകദൈവമേ നമുക്കുള്ളു. ആയവനിൽ നിന്നു സകലവും അവനിലേക്ക നാമും ആകുന്നു. ൧. കൊ രിന്തർ ൮, ൫. ൬.

43. കൃപാവരങ്ങൾക്കു വകുപ്പുകളുണ്ടു ഏകാത്മാവു താനും; ശുശ്രൂഷകൾക്കും വകുപ്പുകളുണ്ടു കൎത്താവോ ഒരുവൻ; വ്യാപാരങ്ങൾക്കും വകുപ്പുകളുണ്ടു എല്ലാ വരിലും എല്ലാം വ്യാപരിക്കുന്ന ദൈവം ഒരുവൻ തന്നെ. ൧. കൊരിന്തർ ൧൨, ൪. ൬.

---

44. ആരാനും എന്നെ സ്നേഹിച്ചാൽ അവൻ എ ന്റെ വചനം കാത്തുകൊള്ളും എൻ പിതാവു അവ നെ സ്നേഹിക്കും. ഞങ്ങളും അവന്നടുക്കേ വന്നു അ വനോടു വാസം ചെയ്യും. യോഹന്നാൻ ൧൪, ൨൩.

---

*45. ദൃശ്യത്തിൽ നിന്നല്ല ഈ കാണുന്നവ ഉണ്ടാ വാനായി ദൈവത്തിൻ വചനത്താൽ ഉലകങ്ങൾ

നിൎമ്മിച്ചു കിടക്കുന്നു എന്നു വിശ്വാസത്താൽ നാം അറിയുന്നു. എബ്രായർ ൧൧, ൩.

---

*46. എല്ലാവരും വഴിതെറ്റി ഒരുപോലെ നിസ്സാരമായി പോയി: ഗുണം ചെയ്യുന്നവനില്ല ഒരുത്തൻ പോലുമില്ല. റോമർ ൩, ൧൨.

*47. ഞങ്ങൾക്കു പാപം ഇല്ല എന്നു പറഞ്ഞാൽ നമ്മെ നാം തെറ്റിക്കുന്നു, നമ്മിൽ സത്യവും ഇല്ലായ്യുന്നു. ൧. യോഹന്നാൻ ൧, ൮.

---

*48. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ പുക്ക: ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകലമനുഷ്യരോളവും പരന്നു. ഏകമനുഷ്യൻെറ അനുസരണക്കേടിനാൽ അനേകർ പാപികളായി തീൎന്നിരിക്കുന്നു. റോമർ ൫, ൧൨. ൧൯.

*49. പിശാചായവൻ ആദ്യം മുതൽ ആളെക്കൊല്ലിയായി അവനിൽ സത്യം ഇല്ലായ്കകൊണ്ടു സത്യമായതിൽ നിലനില്ക്കുന്നതുമില്ല. അവൻ പൊളി പറയുമ്പോൾ സ്വന്തത്തിൽ നിന്നെടുത്തു പറയുന്നു. കാരണം അവൻ പൊളിയനും അവൻെറ പിതാവും ആകുന്നു. യോഹന്നാൻ ൮, ൪൪.

---

*50. പാപത്തെ ചെയ്യുന്നവനെല്ലാം പാപത്തിൻെറ ദാസനാകുന്നു. യോഹന്നാൻ ൮, ൩൪.

---

*51. ജഡത്തിൽ നിന്നു ജനിച്ചതു ജഡമാകുന്നു. ആത്മാവിൽ നിന്നു ജനിച്ചതു ആത്മാവാകുന്നു. യോഹന്നാൻ ൩, ൬.

*52. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാലാകുന്നു. പിന്നെ മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തു ചമഞ്ഞു മരണത്തെ ജനിപ്പിക്കുന്നു. യാക്കോബ് ൧, ൧൪. ൧൫.

---

*53. ദുശ്ചിന്തകൾ കുലകൾ വ്യഭിചാരങ്ങൾ പുലയാട്ടുകൾ മോഷണങ്ങൾ കള്ളസ്സാക്ഷികൾ ദൂഷണങ്ങൾ എന്നിവ ഹൃദയത്തിൽ നിന്നു പുറപ്പെട്ടു വരുന്നു. മത്തായി ൧൫, ൧൯.

54. തന്റെ വഴികൾ ഒക്കെയും തനിക്കു നേരെന്നു തോന്നുന്നു. ഹൃദയങ്ങളെ തൂക്കി നോക്കുന്നവൻ യഹോവയത്രെ. സദൃശങ്ങൾ ൨൧, ൨.

---

55. ദൈവത്തിൽനിന്നു ജനിച്ചവനെല്ലാം അവന്റെ വിത്തു ഉള്ളിൽ വസിക്കയാൽ പാപം ചെയ്യാതിരിക്കുന്നു. ദൈവത്തിൽനിന്നു ജനിച്ചതാൽ പാപം ചെയ്യാൻ കഴികയുമില്ല. ൧. യോഹന്നാൻ ൩, ൯.

---

56. സത്യത്തിൻ പരിജ്ഞാനം ഗ്രഹിച്ചശേഷം നാം മനഃപൂർവ്വമായി പിഴെച്ചാൽ പാപങ്ങൾക്കു വേണ്ടി ഇനി ബലി ശേഷിക്കാതെ ന്യായവിധിയുടെ എന്തൊരു ഭയങ്കരപ്രതീക്ഷയും എതിരികളെ ഭക്ഷിപ്പാനുള്ള അഗ്ന്യുഷ്മാവും അത്രെ ഉള്ളു. എബ്രായർ ൧൦, ൨൬. ൨൭.

---

*57. തന്റെ ജഡത്തിന്മേൽ വിതെക്കുന്നവൻ ജഡത്തിൽനിന്നു കേടു കൊയ്യും: ആത്മാവിന്മേൽ വിതെ

ക്കുന്നവൻ ആത്മാവിൽ നിന്നു നിത്യജീവനെ കൊ
യ്യും. ഗലാത്യർ ൬, ൮.

*58. പാപത്തിൻ ശമ്പളം മരണം അത്രെ. ദൈവത്തിൻ കൃപാവരമോ നമ്മുടെ കൎത്താവായ യേശു ക്രിസ്തനിൽ നിത്യജീവൻ തന്നെ. റോമർ ൬, ൨൩.

---

59. ദൈവം ഒരുവനല്ലൊ ദൈവത്തിന്നും മനുഷ്യൎക്കും ഏകമദ്ധ്യസ്ഥനുമുള്ളു: എല്ലാവൎക്കും വേണ്ടി വീണ്ടെടുപ്പിൻ വിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ. ൧. തിമൊത്ഥ്യൻ ൨, ൫. ൬.

---

*60. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിൽ അയച്ചിരിക്കകൊണ്ടു ദൈവസ്നേഹം നമ്മിൽ പ്രസിദ്ധമായ്വന്നു. ൧. യോഹന്നാൻ ൪, ൯.

*61. പിതാവിന്നു തന്നിൽ തന്നെ ജീവനുള്ള പ്രകാരമേ അവൻ പുത്രന്നും തന്നിൽ തന്നെ ജീവനുള്ളവൻ ആകുമാറു നല്കിയിരിക്കുന്നു. യോഹ. ൫, ൨൬.

62. ക്രിസ്തൻ കാണാത്ത ദൈവത്തിന്റെ പ്രതിമയും സൃഷ്ടിക്കൊക്കെക്കും ആദ്യജാതനുമാകുന്നു. സൎവ്വവും അവനാലും അവങ്കലേക്കും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. കൊലൊസ്സർ ൧, ൧൫. ൧൬.

*63. വചനം ജഡമായി ചമഞ്ഞു കൃപയും സത്യവുംകൊണ്ടു പൂൎണ്ണനായി നമ്മിൽ കുടിപാൎത്തു. അവന്റെ തേജസ്സെ പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായിട്ടു ഞങ്ങൾ കാണുകയും ചെയ്തു. യോഹന്നാൻ ൧, ൧൪.

---

64. ക്രിസ്തുയേശുവിലുള്ള ഭാവം നിങ്ങളിലും ഉണ്ടാവൂതാക. ആയവൻ ദൈവരൂപത്തിൽ വസിക്കുമ്പോൾ ദൈവത്തോടു ഒത്തതായി ചമയുന്നതു പിടിച്ചു പറിപ്പാൻ തോന്നാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തീൎന്നു വേഷത്തിലും മനുഷ്യനെന്നു കാണായിവന്നു. അവൻ തന്നെത്താൻ ഒഴിച്ചു മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ തന്നെത്താൻ താഴ്ത്തി അധീനനായ്വന്നു. ഫിലിപ്പ്യർ ൨, ൬—൮.

*65. പിതൃപാരമ്പൎയ്യത്താലെ നിസ്സാരമായ നടപ്പിൽ നിന്നു നിങ്ങളെ മേടിച്ചു വിടുവിച്ചതു പൊൻ വെള്ളി മുതലായ അനിത്യവസ്തുക്കളെ കൊണ്ടല്ല, നിൎദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്നൊത്ത ക്രിസ്തൻെറ വിലയേറിയ രക്തം കൊണ്ടത്രെ എന്നു അറിയുന്നുവല്ലോ. ൧. പേത്രൻ ൧, ൧൮. ൧൯.

66. അതുകൊണ്ടത്രെ ദൈവം അവനെ ഏറെ ഉയൎത്തി സകലനാമത്തിന്നും മീതെയുള്ള നാമവും സമ്മാനിച്ചു: സ്വൎഗ്ഗസ്ഥൎക്കും ഭൂമിസ്ഥൎക്കും അധോലോകൎക്കും ഉള്ള മുഴങ്കാൽ ഒക്കെയും യേശുനാമത്തിൽ മടങ്ങുകയും എല്ലാനാവും യേശുക്രിസ്തൻ കൎത്താവു എന്നു പിതാവായ ദൈവത്തിൻ തേജസ്സിന്നായി ഏറ്റുപറകയും ചെയ്യേണ്ടതിന്നത്രെ. ഫിലിപ്പ്യർ ൨, ൯—൧൧.

---

*67. ക്രിസ്തുയേശു നമുക്കു ദൈവത്തിൽനിന്നു ജ്ഞാനവും നീതിയും വിശുദ്ധിയും വീണ്ടെടുപ്പും ആയി ഭവിച്ചിരിക്കുന്നു. ൧. കൊരിന്തർ ൧, ൩൦.

*68. പാപത്തെ അറിയാത്തവനെ നാം അവനിൽ ദൈവനീതിയാകേണ്ടതിന്നു ദൈവം നമുക്കവേണ്ടി പാപം ആക്കിയിരിക്കുന്നു. ൨. കൊരിന്തർ ൫. ൨൧.

*69. പിശാചിന്റെ ക്രിയകളെ അഴിപ്പാനായി തന്നെ ദൈവപുത്രൻ പ്രത്യക്ഷനായിവന്നു. ൧. യോഹന്നാൻ ൩, ൮.

70. ക്രിസ്തുയേശു മരണത്തെ നീക്കി സുവിശേഷം കൊണ്ടു ജീവനെയും കെടാത്മയെയും വിളങ്ങിച്ചിരിക്കുന്നു. ൨. തിമോത്ഥ്യൻ ൧, ൧൦.

71. ക്രിസ്തൻ നിങ്ങൾക്കവേണ്ടി കഷ്ടപ്പെട്ടു നിങ്ങൾ അവന്റെ കാൽവട്ടങ്ങളിൽ പിഞ്ചെല്ലുവാനായി ഒരു പ്രമാണം വെച്ചു വിട്ടിരിക്കുന്നു. അവൻ പാപം ചെയ്തില്ല. അവന്റെ വായിൽ ചതി കാണപ്പെട്ടതുമില്ല. ശകാരിക്കപ്പെട്ടും ശകാരിക്കാതെയും കഷ്ടം അനുഭവിച്ചും ഭീഷണം ചൊല്ലാതെയും പാർത്തു. നേരായി വിധിക്കുന്നവനിൽ തന്നെ ഏല്പിക്കയും ചെയ്തു. ൧. പേത്രൻ ൨, ൨൧. ൨൩.

---

72. ശത്രുക്കളായ നമുക്ക അവന്റെ പുത്രമരണത്താൽ ദൈവത്തോടു നിരപ്പുവന്നുവെങ്കിൽ നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികം രക്ഷിക്കപ്പെടും. റോമർ ൫, ൧൦.

---

73. വിലെക്കു നിങ്ങൾ കൊള്ളപ്പെട്ടു: ആയതുകൊണ്ടു ദൈവത്തെ നിങ്ങളുടെ ശരീരത്തിലും ആത്മാവിലും മഹത്വീകരിപ്പിൻ! ൧. കൊരിന്തർ ൬, ൧൯. ൨൦.

*74. ക്രിസ്തൻ എല്ലാവൎക്കും വേണ്ടി മരിച്ചതു ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കവേ

ണ്ടി മരിച്ചുയിൎത്തവനായിക്കൊണ്ടു ജീവിക്കേണ്ടതിന്നു തന്നെ. ൨. കൊരിന്തർ ൫, ൧൫.

---

75. എല്ലാവരോടും സമാധാനത്തെയും വിശുദ്ധീകരണത്തെയും പിന്തുടരുവിൻ. അതുകൂടാതെ ആരും കൎത്താവിനെ കാണുകയില്ലല്ലോ. എബ്രാ. ൧൨, ൧൪.

*76. പ്രാണമയനായ മനുഷ്യൻ ദൈവാത്മാവിന്റെവ കൈക്കൊള്ളുന്നില്ല: അതു അവന്നു ഭോഷത്വം അല്ലോ ആകുന്നതു. ആത്മീകമായി വിവേചിക്കേണ്ടതാകയാൽ അതു അവന്നു തിരിവാൻ കഴികയും ഇല്ല. ൧. കൊരിന്തർ ൨, ൧൪.

77. പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള വിശുദ്ധാത്മാവു എന്ന കാൎയ്യസ്ഥനായവൻ നിങ്ങൾക്കു സകലവും ഉപദേശിച്ചും ഞാൻ നിങ്ങളോടു പറഞ്ഞതൊക്കയും ഓൎപ്പിച്ചും തരും. യോഹ. ൧൪, ൨൬.

*78. നിങ്ങൾ ദുഷ്ടരെങ്കിലും നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നുവെങ്കിൽ സ്വൎഗ്ഗത്തിൽനിന്നു പിതാവു തന്നോടു യാചിക്കുന്നവൎക്കു വിശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും. ലൂക്ക് ൧൧, ൧൩.

*79. ക്രിസ്തുയേശു എന്നുള്ള അടിസ്ഥാനം ഇട്ടുകിടക്കുന്നതു എന്നിയെ മറെറാന്നു വെപ്പാൻ ആൎക്കും കഴികയില്ല സത്യം. ൧. കൊരിന്തർ ൩, ൧൧.

80. അതുകൊണ്ടു നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല വിശുദ്ധരുടെ സഹപൌരന്മാരും ദൈവത്തിൻ ഭവനക്കാരുമാകുന്നു. ക്രിസ്തൻ താൻ മൂലക്കല്ലായിരിക്കെ അപ്പോസ്തലരും പ്രവാചകരും

വെച്ച അടിസ്ഥാനത്തിന്മേൽ നിങ്ങൾ പണിചെയ്യപ്പെട്ടവർ തന്നെ. എഫെസ്യർ ൨, ൧൯. ൨൦.

81. നിങ്ങൾ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സദ്ഗുണങ്ങളെ വൎണ്ണിപ്പാൻ തക്കവണ്ണം തെരിഞ്ഞെടുത്തൊരു ജാതിയും രാജകീയപുരോഹിതകുലവും വിശുദ്ധവംശവും പ്രത്യേകം സമ്പാദിച്ച പ്രജയും ആകുന്നു. ൧. പേത്രൻ ൨, ൯.

*82. ഇടുക്കുവാതിലൂടെ അകമ്പൂകുവിൻ! കാരണം നാശത്തിലേക്കു ചെല്ലുന്ന വാതിൽ വീതിയുള്ളതും വഴി വിശാലവും അതിൽ കൂടി കടക്കുന്നവർ അനേകരുമാകുന്നു. ജീവങ്കലേക്കു ചെല്ലുന്ന വാതിൽ ഹാ എത്ര ഇടുക്കം വഴി ഞെരുക്കവും ആകുന്നു. അതിനെ കണ്ടെത്തുന്നവർ ചുരുക്കമത്രെ. മത്തായി ൭, ൧൩. ൧൪.

83. ഞാൻ പുതിയ ഹൃദയത്തെ നിങ്ങൾക്കു തരികയും പുതിയ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ഇടുകയും കൽഹൃദയത്തെ നിങ്ങളുടെ മാംസത്തിൽനിന്നു നീക്കി മാംസഹൃദയത്തെ തരികയും ചെയ്യും. എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ തന്നു നിങ്ങൾ എൻ വെപ്പുകളിൽ നടന്നു എൻ ന്യായങ്ങളെ കാത്തു അനുഷ്ഠിപ്പാറാക്കും. യെഹസ. ൩൬, ൨൬. ൨൭.

*84. ദ്രോഹം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ധന്യൻ. യഹോവ അകൃത്യം എണ്ണാതെ വിട്ടും ആത്മാവിൽ വ്യാജം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ധന്യൻ. സങ്കീൎത്തനം ൩൨, ൧. ൨.

*85 സുവിശേഷത്തിൽ എനിക്ക ലജ്ജയില്ല: കാരണം അതു വിശ്വസിക്കുന്നവന്നു ഒക്കെയും രക്ഷക്കായി ദൈവശക്തിയാകുന്നു. റോമർ ൧, ൧൬.

*86. കല്ലറകളിൽ ഉള്ളവർ എല്ലാം മനുഷ്യപുത്രൻെറ ശബ്ദം കേട്ടു നന്മകൾ ചെയ്തവർ ജീവൻെറ പുനരുത്ഥാനത്തിന്നായും തിന്മകൾ ചെയ്തവർ ന്യായവിധിയുടെ പുനരുത്ഥാനത്തിന്നായും പുറപ്പെടുവാനുള്ള നാഴിക വരുന്നു. യോഹന്നാൻ ൫, ൨൮. ൨൯.

*87. ഞാനേ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എങ്കൽ വിശ്വസിക്കുന്നവനെല്ലാം എന്നേക്കും മരിക്കയുമില്ല. യോഹന്നാൻ ൧൧, ൨൫. ൨൬.

88. നല്ല അങ്കം ഞാൻ പൊരുതു ഓട്ടത്തെ തികച്ചു വിശ്വാസത്തെ കാത്തിരിക്കുന്നു. ഇനി നീതിയാകുന്ന കിരീടം ഇനിക്കായി വെച്ചുകിടക്കുന്നു. ആയതു നീതിയുള്ള ന്യായാധിപതിയായ കൎത്താവു ആ ദിവസത്തിൽ എനിക്ക നല്കും. ൨. തിമോത്ഥ്യൻ ൪, ൭. ൮.

*89. നമ്മുടെ രാജ്യകാൎയ്യമാകട്ടെ വാനങ്ങളിൽ ആകുന്നു: അവിടെനിന്നു നാം കൎത്താവായ യേശുക്രിസ്തനെ രക്ഷിതാവായി കാത്തുനില്ക്കുന്നു. ആയവൻ നമ്മുടെ താഴ്ചയുടെ ശരീരത്തെ തൻെറ തേജസ്സിൻ ശരീരത്തോടു അനുരൂപം ആകുവാൻ മറുവേഷമാക്കിത്തീൎക്കും. ഫിലിപ്പ്യർ ൩, ൨൦. ൨൧.

90. കുറയകാലം കഷ്ടപ്പെട്ടവെങ്കിൽ നമ്മെ യേശുക്രിസ്തനിൽ തൻെറ നിത്യതേജസ്സിലേക്ക വിളിച്ചവനായി സൎവ്വകൃപാവരമുടയ ദൈവം താൻ നിങ്ങളെ യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അടിസ്ഥാ

നപ്പെടുത്തുകയും ചെയ്യും. അവന്നു തേജസ്സും ബലവും യുഗാദിയുഗങ്ങളിലും ഉണ്ടാവൂതാക. ൧. പേത്രൻ ൫, ൧൦. ൧൧.

---

91. അവ്വണ്ണം തന്നെ ആത്മാവും നമ്മുടെ ബലഹീനതെക്കു തുണനില്ക്കുന്നു. എങ്ങിനെയെന്നാൽ വേണ്ടുംപോലെ നാം പ്രാൎത്ഥിക്കേണ്ടതു ഇന്നതു എന്നറിയാ: ആത്മാവു തന്നെ ഉച്ചരിയാത്ത ഞരക്കങ്ങളെക്കൊണ്ടു നമ്മുടെ പക്ഷമെടുക്കുന്നു താനും. റോമർ ൮, ൨൬.

---

92. കരുണയാൽ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടവരാകുന്നു. അതും നിങ്ങളിൽനിന്നല്ല ഈ ദാനം ദൈവത്തിന്റേതത്രെ. ആരും പ്രശംസിച്ചപോകായ്വാൻ ക്രിയകളിൽനിന്നല്ല: ആയവന്റെ പണി അല്ലോ ക്രിസ്തുയേശുവിങ്കൽ സൽക്രിയകൾക്കായി സൃഷ്ടിക്കപ്പെട്ട നാം ആകുന്നു. നാം അവററിൽ നടക്കേണ്ടതിന്നു ദൈവം അവറെറ മുമ്പിൽ ഒരുക്കിയതു. എഫേസ്യർ ൨, ൮. ൧൦.

*93. എല്ലാതടച്ചലെയും മുറുകേപററുന്ന പാപത്തെയും വെച്ചേച്ച നമുക്കു മുൻകിടക്കുന്ന പോർപാച്ചലെ ക്ഷാന്തിയോടെ കഴിച്ചോട്ടുക! വിശേഷാൽ വിശ്വാസത്തിന്റെ നായകനും തികവു വരുത്തുന്നവനുമായ യേശുവെ നോക്കിക്കൊൾക! എബ്രായർ ൧൨, ൧. ൨.

*94. ഭയത്തോടും വിറയലോടും നിങ്ങളുടെ രക്ഷയെ അനുഷ്ഠിപ്പിൻ! ഇച്ഛിക്കുന്നതിനെയും സാധിപ്പിക്കുന്നതിനെയും നിങ്ങളിൽ ദൈവം അല്ലോ പ്രസാദംഹേതുവായിട്ടു സാധിപ്പിക്കുന്നതു. ഫിലി. ൨, ൧൨. ൧൩.

## (2) അഞ്ചാം തരത്തിന്നു വേണ്ടി.

(D. പ്രാൎത്ഥനയെകുറിച്ചുള്ള ചോദ്യം 43—46.)

*95. തന്നോടു വിളിക്കുന്നവൎക്കെല്ലാം യഹോവ സമീപസ്ഥൻ: ഉണ്മയിൽ തന്നോടു വിളിക്കുന്നവൎക്കെല്ലാം തന്നെ. അവനെ ഭയപ്പെടുന്നവൎക്കു പ്രസാദം ആയതിനെ അവൻ ചെയ്തു അവരുടെ കൂറ്റു കേട്ടു അവരെ രക്ഷിക്കും. സങ്കീ. ൧൪൫, ൧൮. ൧൯.

96. എന്റെ വായിലെ ചൊല്ലുകളും നിന്റെ മുമ്പിലെ എൻഹൃദയജ്ഞാനവും നിണക്കു തെളിയുമാറാക! എൻ പാറയും വീണ്ടെടുപ്പവനും ആകുന്ന യഹോവേ! സങ്കീൎത്തനം ൧൯, ൧൫.

97. എല്ലാസമയത്തും, ജനമേ, അവനെ തേറുവിൻ: അവൻമുമ്പിൽ ഹൃദയം പകരുവിൻ! ദൈവം നമുക്കു ആശ്രയം. സങ്കീൎത്തനം ൬൨, ൯.

98. ഇനി ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നതു: എല്ലാമനുഷ്യൎക്കായിക്കൊണ്ടും യാചനകൾ പ്രാൎത്ഥനകൾ പക്ഷവാദങ്ങൾ സ്തോത്രങ്ങളും ചെയ്യേണ്ടു! നാം സൎവ്വഭക്തിയോടും ഘനത്തോടും സാവധാനവും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാൎക്കും സകല അധികാരസ്ഥന്മാൎക്കും വേണ്ടി ചെയ്യേണ്ടു! ൧. തിമോത്ഥ്യൻ ൨, ൧. ൨.

99. ഞങ്ങളുടെ നീതികളെ വിചാരിച്ചല്ല നിന്റെ ഏറിയ കരൾക്കനിവുകളെ വിചാരിച്ചത്രെ നിന്റെ മുമ്പിൽ ഞങ്ങൾ യാചനകളെ വെച്ചേക്കുന്നതു. കൎത്താവേ, കേട്ടാലും! കൎത്താവേ, നീ മോചി

ച്ചാലും! കൎത്താവേ, ചെവികൊണ്ടു ചെയ്താലും! നിൻ നിമിത്തം, എൻ ദൈവമേ, വൈകരുതെ! ദാനിയേൽ ൯, ൧൯. ൧൯.

100. നിങ്ങൾ പുത്രർ ആകകൊണ്ടു, അബ്ബാ പിതാവേ, എന്നു വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചിരിക്കുന്നു. ഗലാത്യർ ൪, ൬.

*101. എപ്പോഴും സന്തോഷിപ്പിൻ! ഇടവിടാതെ പ്രാൎത്ഥിപ്പിൻ! എല്ലാററിലും സ്തോത്രം ചെയ്വിൻ! എന്നു ക്രിസ്തുയേശുവിൽ നിങ്ങളോടു ദൈവേഷ്ടമല്ലോ ആകുന്നതു. ൧. തെസ്സലോനിക്യർ ൫, ൧൬ — ൧൮.

102. യഹോവയെ വാഴ്ത്തുന്നതും, അത്യുന്നത, തിരുനാമത്തെ കീൎത്തിക്കുന്നതും നല്ലതു: കാലത്തു നിന്റെ ദയയും രാത്രികളിൽ നിന്റെ വിശ്വസ്തതയും കഥിക്കുന്നതു തന്നെ. സങ്കീൎത്തനം ൯൨, ൨, ൩.

*103. നീ പ്രാൎത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്നു വാതിൽ അടച്ചു രഹസ്യത്തിലുള്ള നിന്റെ പിതാവിനോടു പ്രാൎത്ഥിക്ക! രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവു പരസ്യത്തിൽ നിണക്കു പകരം തരും. മത്തായി ൬, ൬.

---

*104. ഞാൻ സ്വൎഗ്ഗങ്ങളിലും ഭൂമിയിലുമുള്ള ഏതു കുഡുംബത്തിന്നും പേർ വരുവാൻ ഹേതുവും നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ പിതാവും ആയവങ്കലേക്കു എന്റെ മുഴങ്കാലുകളെ കുത്തുന്നു. എഫേസ്യർ ൩, ൧൪. ൧൫.

105. സ്ത്രീ മുലക്കുട്ടിയെ മറന്നു പള്ള പെററമകനെ കനിയാതെ പോകുമോ? ഇവർ കൂടെ മറന്നാലും നിന്നെ ഞാൻ മറക്കയില്ല: ഇതാ എൻ ഉള്ളങ്കൈകളിൽ ഞാൻ നിന്നെ വരെച്ചിരിക്കുന്നു. യശായാ ൪൯, ൧൬.

---

*106. സത്യത്തിൽ അവരെ വിശുദ്ധീകരിക്ക! നിന്റെ വചനം സത്യം തന്നെ. യോഹന്നാൻ ൧൭, ൧൭.

*107. നിങ്ങളുടെ വെളിച്ചം മനുഷ്യൎക്കു മുമ്പിൽ വിളങ്ങീട്ടു അവർ നിങ്ങളുടെ നല്ല ക്രിയകളെ കണ്ടു സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവെ മഹത്വീകരിപ്പാൻ സംഗതി വരുത്തുവിൻ! മത്തായി ൫, ൧൬.

---

108. വിശുദ്ധൎക്കു വെളിച്ചത്തിലുള്ള അവകാശപങ്കിന്നായി നമ്മെ പ്രാപ്തരാക്കിയ പിതാവിന്നു സന്തോഷത്തോടെ സ്തോത്രം ചെയ്യുന്നവരാകുവിൻ! ആയവനല്ലോ നമ്മെ ഇരുട്ടിന്റെ അധികാരത്തിൽനിന്നു ഉദ്ധരിച്ചു തന്റെ സ്നേഹത്തിൻ പുത്രന്റെ രാജ്യത്തിലാക്കിവെച്ചു: ഇവങ്കൽ നമുക്കു പാപമോചനമാകുന്ന വീണ്ടെടുപ്പുണ്ടു. കൊലൊ. ൧, ൧൨—൧൪.

*109. ദൈവരാജ്യം ഭക്ഷണപാനവും അല്ല നീതിയും സമാധാനവും വിശുദ്ധാത്മാവിൽ സന്തോഷമത്രെ ആകുന്നു. ഇവററിൽ തന്നെ ക്രിസ്തനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യൎക്കു കൊള്ളാകുന്നവനുമാകുന്നു. റോമർ ൧൪, ൧൭. ൧൮.

*110. ആത്മാവിൽ ദരിദ്രരായവർ ധന്ന്യർ: സ്വൎഗ്ഗരാജ്യം അവൎക്കുള്ളതു സത്യം. ഖേദിക്കുന്നവർ ധന്ന്യർ: അവരല്ലോ ആശ്വാസിക്കപ്പെടും. സൌമ്യതയുള്ളവർ ധന്ന്യർ: അവരല്ലോ ഭൂമിയെ അടക്കും. നീതിക്കായി വിശന്നു ദാഹിക്കുന്നവർ ധന്ന്യർ: അവർ തൃപ്തരാകും. കനിവുള്ളവർ ധന്ന്യർ: അവൎക്കു കനിവു ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ ധന്ന്യർ: അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ധന്ന്യർ: അവർ ദൈവപുത്രരെന്നു വിളിക്കപ്പെടും. മത്താ. ൫, ൩—൯.

*111. കൊയ്ത്തു വളരെ ഉണ്ടു സത്യം പ്രവൃത്തിക്കാരോ ചുരുക്കം. ആകയാൽ കൊയ്ത്തിൻെറ യജമാനനോടു തൻെറ കൊയ്ത്തിന്നായി പ്രവൃത്തിക്കാരെ അയച്ചുവിടേണ്ടതിന്നു യാചിപ്പിൻ! മത്തായി ൯, ൩൭. ൩൮.

112. നിൻെറ വഴികളെ ഉപദേശിച്ചു കാട്ടുക! യഹോവേ, നിൻമാൎഗ്ഗങ്ങളെ എന്നെ പഠിപ്പിക്ക! എൻ രക്ഷയുടെ ദൈവം നീ തന്നെ ആകകൊണ്ടു നിൻെറ സത്യത്തിൽ എന്നെ വഴിനടത്തുക! നാൾതോറും ഞാൻ നിന്നെ കാത്തിരിക്കുന്നു. സങ്കീൎത്തനം ൨൫, ൪. ൫.

*113. എല്ലാ മനുഷ്യൎക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചു: നാം ഭക്തികേടും പ്രപഞ്ചമോഹങ്ങളും വൎജ്ജിച്ചിട്ടു ഈ യുഗത്തിൽ ഭക്തി നീതി സുബുദ്ധികളോടു കൂടെ ജീവിച്ചു പോരേണ്ടതിന്നു നമ്മെ ശിക്ഷിച്ചു വളൎത്തുന്നു. തീതൻ ൨, ൧൧. ൧൨.

114. എന്നെ അയച്ചവൻെറ ഇഷ്ടമാവിതു: പുത്രനെ നോക്കിക്കൊണ്ടു വിശ്വസിക്കുന്നവന്നു എല്ലാം

നിത്യജീവൻ ഉണ്ടാകയും ഞാൻ അവനെ ഒടുക്കത്തേ നാളിൽ വീണ്ടും എഴുനീല്പിക്കയും വേണമെന്നത്രെ. യോഹന്നാൻ ൬, ൪൦.

115. ദൈവത്തിൻ ഇഷ്ടമാകുന്നതു നിങ്ങളുടെ വിശുദ്ധീകരണം തന്നെ. ൧. തെസ്സലൊനിക്യർ ൪, ൩.

*116. ഒരുത്തൻ എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ തന്നെത്താൻ തള്ളീട്ടു തന്റെ ക്രൂശിനെ എടുത്തുംകൊണ്ടു എന്നെ അനുഗമിപ്പൂതാക. മത്തായി ൧൬, ൨൪.

---

*117. നാം എന്തു തിന്നും എന്തു കുടിക്കും എന്തു ഉടുക്കും എന്നു ചിന്തപ്പെടൊല്ല! ഈ വക ഒക്കെയും ജാതികൾ അന്വേഷിച്ചു നടക്കുന്നു. സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇവ എല്ലാം നിങ്ങൾക്കു ആവശ്യം എന്നറിയുന്നുണ്ടല്ലോ. മത്താ. ൬, ൩൧. ൩൨.

118. നാളെക്കായി ചിന്തപ്പെടേണ്ട! നാളേത്ത ദിവസം തനിക്കായി ചിന്തിക്കുമല്ലോ. അതതു ദിവസത്തിന്നു തന്റെ ദോഷം മതി. മത്തായി ൬, ൩൪.

119. ഇതാ യഹോവയുടെ കണ്ണു തന്നെ ഭയപ്പെടുന്നവരായി തന്റെ ദയയിൽ ആശവെക്കുന്നവരിലേക്കു ആകുന്നതു അവരുടെ പ്രാണനെ മരണത്തിൽ നിന്നു ഉദ്ധരിപ്പാനും അവരെ ക്ഷാമത്തിൽ ഉയിൎപ്പിപ്പാനും തന്നെ. സങ്കീ. ൩൩, ൧൮. ൧൯.

---

*120. ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപചെയ്തു നിൻ കനിവുകളിൻ പെരുമപ്രകാരം എന്റെ ദ്രോഹങ്ങളെ മാച്ചുകളക! സങ്കീ. ൫൧, ൩.

*121. നിങ്ങൾ മനുഷ്യരോടു അവരുടെ പിഴകളെ ക്ഷമിച്ചു വിട്ടാൽ സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു നിങ്ങൾക്കും വിടും. മനുഷ്യൎക്കു പിഴകളെ വിടാഞ്ഞാലോ നിങ്ങളുടെ പിതാവു നിങ്ങളുടെ പിഴകളെ വിടുകയുമില്ല. മത്തായി ൬, ൧൪. ൧൫.

122. ദൈവത്താൽ തെരിഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരും പ്രിയരുമായി അലിവുള്ള കരൾ ദയ താഴ്മ സൌമ്യത ദീൎഘക്ഷാന്തി എന്നിവററ ധരിച്ചു കൊണ്ടു അന്യോന്യം പൊറുത്തും ഒരുവനോടു ഒരുവന്നു വഴക്കായാൽ തമ്മിൽ സമ്മാനിച്ചും വിടുവിൻ! ക്രിസ്തൻ നിങ്ങൾക്കു സമ്മാനിച്ചതുപോലെ തന്നെ നിങ്ങളും ചെയ്വിൻ! കൊലൊസ്സ്യർ ൩, ൧൨. ൧൩.

*123. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ! നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ! നിങ്ങളെ പകെക്കുന്നവരിൽ നന്മചെയ്വിൻ! നിങ്ങളെ വലെക്കുന്നവൎക്കും ഹിംസിക്കുന്നവൎക്കും വേണ്ടി പ്രാൎത്ഥിക്കയും ചെയ്വിൻ! സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു പുത്രരായി വരേണ്ടതിന്നു തന്നെ: ആയവൻ ദുഷ്ടരിലും നല്ലവരിലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും നീതിമാന്മാരിലും നീതികെട്ടവരിലും വൎഷിക്കയും അല്ലോ ചെയ്യുന്നു. മത്തായി ൫, ൪൪. ൪൫.

---

124. ദൈവം വിശ്വസ്തൻ തന്നെ: അവൻ നിങ്ങൾക്കു കഴിയുന്നതിന്നു മീതേ പരീക്ഷ പിണവാൻ സമ്മതിക്കാതെ സഹിച്ചു കൂടേണ്ടതിന്നു പരീക്ഷയോടൊപ്പം പോക്കിനെയും ഉണ്ടാക്കും. ൧. കൊരി. ൧൦, ൧൩.

*125. ജഡം ആത്മാവിന്നും ആത്മാവു ജഡത്തിന്നും വിരോധമായി മോഹിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നവറെറ ചെയ്യാതവണ്ണം ഇവ തമ്മിൽ പ്രതികൂലമായി കിടക്കുന്നു. ഗലാത്യർ ൫, ൧൭.

126. പരീക്ഷയിൽ അകപ്പെടായ്വാൻ ഉണൎന്നും പ്രാൎത്ഥിച്ചും കൊൾവിൻ! ആത്മാവു മനഃപൂൎവ്വമുള്ളതു സത്യം ജഡമോ ബലഹീനമത്രെ. മത്തായി ൨൬, ൪൧.

---

*127. എൻ പുത്ര, കൎത്താവിന്റെ ശിക്ഷയെ ലഘുവാക്കുകയും അവൻ ശാസിക്കുമ്പോൾ മടുത്തുപോകയുമരുതു! കൎത്താവു സ്നേഹിക്കുന്നവനെ അല്ലോ ശിക്ഷിക്കുന്നതു താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു. എബ്രായർ ൧൨, ൫. ൬.

*128. ഏതു ശിക്ഷയും തല്ക്കാലത്തേക്കു സന്തോഷമല്ല ദുഃഖകരമത്രെ എന്നു കാണുന്നു. പിന്നേ മാത്രം അതിനാൽ അഭ്യാസം തികഞ്ഞവൎക്കു നീതിയാകുന്ന സമാധാനഫലത്തെ എത്തിക്കുന്നു. എബ്രായർ ൧൨, ൧൧.

129. എൻ ദേഹിയേ, നീ ചാഞ്ഞും എന്റെ മേൽ അലെച്ചും പോകുന്നതെന്തു? ദൈവത്തെ പാൎത്തുനില്ക്ക! അവനെ അല്ലോ എന്റെ മുഖത്തിൻ രക്ഷയും എൻ ദൈവവും എന്നു ഞാൻ ഇനി വാഴ്ത്തും നിശ്ചയം. സങ്കീൎത്തനം ൪൨, ൧൨.

*130. ദൈവം തനിക്കു തെരിഞ്ഞെടുത്തവർ രാപ്പകൽ തന്നോടു നിലവിളിക്കയിൽ അവരുടെ മേൽ ദീൎഘക്ഷാന്തിയുള്ളവനെങ്കിലും അവൎക്കായി പ്രതി

ക്രിയ ചെയ്യുയില്ലയോ? വേഗത്തിൽ അവൎക്കായി പ്ര
തിക്രിയ ചെയ്യും എന്നു ഞാൻ നിങ്ങളോടു പറയുന്നു.
ലൂക്ക് ൧൮, ൭. ൮.

---

*131. നിണക്കു, യഹോവേ, മഹത്ത്വവും വല്ലഭത്വവും
പ്രഭയും യശസ്സും തേജസ്സും ഉള്ളതാകുന്നു. കാരണം
സ്വൎഗ്ഗഭൂമികളിൽ ഉള്ളതെല്ലാം, യഹോവേ, നിന്റേതാ
കുന്നു: രാജത്വവും എല്ലാററിന്നും തലയായിരിപ്പാൻ
ഉള്ള ഉയൎച്ചയും തന്നെ. ൧. നാളാ. ൨൯, ൧൧. ൧൨.

132. നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും
അത്യന്തം പരമായി ചെയ്വാൻ നമ്മിൽ വ്യാപരിക്കു
ന്ന ശക്തിപ്രകാരം കഴിയുന്നവന്നു സഭയകത്തു യു
ഗാദികാലത്തിലേ സകലതലമുറകളോളവും ക്രിസ്തു
യേശുവിങ്കൽ തേജസ്സുണ്ടാക! എഫെ. ൩, ൨൦. ൨൧.

133. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ആ
കിലും ദൈവത്തിന്നു തേജസ്സാകുമാറു അവനിൽ
ഉവ്വ എന്നും ആമേൻ എന്നും ആകുന്നു. ൨. കൊരി.
൧, ൨൦.

---

(E. ദൈവകല്പനകളെ കുറിച്ചുള്ള ചോദ്യം 47—56).

*134. നിങ്ങളുടെ സ്വൎഗ്ഗീയപിതാവു തികവുള്ളവ
നാകുമ്പോലേ തികവുള്ളവരായിരിപ്പിൻ. മത്തായി
൫, ൪൮.

---

135. ഞാൻ ധൎമ്മത്തെ എങ്കിലും പ്രവാചകരെ
എങ്കിലും നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കേ
ണ്ട: നീക്കം അല്ല പൂൎത്തിവരുത്തുവാനത്രെ ഞാൻ
വന്നതു. മത്തായി ൫, ൧൭.

136. നിൻ നിയോഗങ്ങളാൽ ഞാൻ തിരിച്ചറിയു ന്നവനാകയാൽ എല്ലാ വ്യാജമാൎഗ്ഗത്തെയും ഞാൻ പകെക്കുന്നു. നിന്റെ വചനം എൻ കാലിന്നു വിളക്കും എൻ പാതയിൽ വെളിച്ചവും ആകുന്നു. സങ്കീൎത്തനം ൧൧൯, ൧൦൪. ൧൦൫.

---

*137. സകലഭൂമിയും യഹോവയെ ഭയപ്പെടുക! ഊഴിവാസികളെല്ലാം അവന്റെ മുമ്പാകെ അഞ്ചുക! അവനല്ലോ പറഞ്ഞുടൻ ഉണ്ടായി കല്പിച്ചുടൻ നിലനില്ക്കയും ചെയ്തു. സങ്കീൎത്തനം ൩൩, ൮. ൯.

*138. ലോകത്തെയും ലോകത്തിലുള്ളവററെയും സ്നേഹിക്കൊല്ല! ഒരുവൻ ലോകത്തെ സ്നേഹിച്ചാൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം കൺമോഹം സംസാരത്തിൻ വമ്പു ഇങ്ങിനെ ലോകത്തിലുള്ളതെല്ലാം പിതാവിൽനിന്നല്ല ലോകത്തിൽനിന്നാകുന്നു. ലോകവും അതിൻ മോഹവും കഴിഞ്ഞുപോകുന്നു. ദൈവേഷ്ടത്തെ ചെയ്യുന്നവനോ എന്നേക്കും വസിക്കുന്നു. ൧. യോഹ. ൨, ൧൫. ൧൭.

*139. യഹോവയിൽ പൂൎണ്ണഹൃദയത്തോടെ തേറുക! നിന്റെ ബുദ്ധിയിൽ ഊന്നിക്കൊള്ളരുതെ! നിന്റെ എല്ലാ വഴികളിലും അവനെ അറിഞ്ഞുകൊൾക! എന്നാൽ അവൻ നിന്റെ ഞെറികളെ നിരത്തും. സദൃശം ൩, ൫. ൬.

*140. ദേഹത്തെ കൊല്ലുന്നവരെങ്കിലും ദേഹിയെ കൊല്ലുവാൻ കഴിയാത്തവരെ ഭയപ്പെടേണ്ട! ദേഹിയെയും ദേഹത്തെയും അഗ്നിനരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ ഭയപ്പെടുവിൻ! മത്ത. ൧൦, ൨൮.

*141. സ്നേഹത്തിൽ ഭയമില്ല. ഭയത്തിന്റെ ദണ്ഡനം ഉണ്ടാകയാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കിക്കളയുന്നു. ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികവു വന്നവനല്ല. ൧. യോഹന്നാൻ ൪, ൧൮.

142. എന്നിട്ടും നിത്യം ഞാൻ നിന്നോടത്രെ: എന്റെ വലങ്കൈ നീ പിടിച്ചുവല്ലോ. നിൻ ആലോചനയാൽ എന്നെ നടത്തും; പിന്നെ തേജസ്സിൽ എന്നെ ചേൎത്തുകൊള്ളും. സ്വൎഗ്ഗങ്ങളിൽ എനിക്ക ആരുള്ളു? ഭൂമിയിൽ നിന്നെ ഒഴികെ ഞാൻ ആഗ്രഹിക്കുന്നവനുമില്ല. എൻ ദേഹവും ദേഹിയും മാഴ്കിപ്പോയാലും ദൈവം എന്നും എന്റെ ഹൃദയപാറയും എൻ ഓഹരിയും തന്നെ. സങ്കീൎത്തനം ൭൩, ൨൩—൨൬.

*143. ദൈവത്തെ അറിഞ്ഞിട്ടും ദൈവം എന്നു മഹത്വീകരിച്ചു കൃതജ്ഞരാകയും ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യൎത്ഥരായി തീൎന്നു ബോധമില്ലാത്ത അവരുടെ ഹൃദയം ഇരുണ്ടു പോകയും ചെയ്തു. ജ്ഞാനികൾ എന്നു ചൊല്ലിക്കൊണ്ടു അവർ മൂഢരായിപ്പോയി. കെടാത്ത ദൈവത്തിൻ തേജസ്സിനെ കേടുള്ള മനുഷ്യൻ പക്ഷി പശു ഇഴജാതി ഇവററിൻ രൂപസാദൃശ്യത്തോടു പകൎന്നുകളകയും ചെയ്തു. റോമർ ൧, ൨൧—൨൩.

*144. നാം ദൈവവംശം എന്നു വരികയാൽ പൊൻ വെള്ളി കല്ലു ഇവകൊണ്ടു മനുഷ്യന്റെ വിദ്യയും സങ്കല്പവും കൊത്തി തീൎക്കുന്നതിന്നു ദേവത്വം സാദൃശ്യമാകുന്നു എന്നു നിരൂപിച്ചു പോകേണ്ടതല്ല. അപ്പോ. ൧൭, ൨൯.

145. നിങ്ങൾ എന്റെ നാമത്താൽ കള്ളസത്യം ചെയ്കയും നിന്റെ ദൈവത്തിൻ നാമത്തെ അശുദ്ധം ആക്കുകയും അരുതു! ഞാൻ യഹോവയാകുന്നു. ലേവ്യ ൧൯, ൧൨.

*146. ഞാനോ നിങ്ങളോടു പറയുന്നതു: ഒട്ടും ആണയിടരുതു! സ്വൎഗ്ഗത്താണ അരുതു: ആയതല്ലോ ദൈവത്തിന്റെ സിംഹാസനം. ഭൂമിയാണയും അരുതു: അതു അവന്റെ പാദങ്ങൾക്കു പീഠം അത്രെ. യരുശലേം ആണയും അരുതു: അതു മഹാരാജാവിന്റെ നഗരം അല്ലോ. നിൻ തലയാണയും അരുതു: ഒരു രോമത്തെയും കറുപ്പിപ്പാനോ വെളുപ്പിപ്പാനോ നിണക്കു കഴിയുന്നില്ലല്ലോ. മത്താ. ൫, ൩൪. ൩൬.

147. ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ സ്വീകരിച്ചാൽ അവനെ ഞാനും സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ മുമ്പിൽ സ്വീകരിക്കും. ആരെങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളി പറഞ്ഞാൽ അവനെ ഞാനും സ്വൎഗ്ഗസ്ഥനായ എൻ പിതാവിന്റെ മുമ്പിൽ തള്ളി പറയും. മത്തായി ൧൦, ൩൨. ൩൩.

148. നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ നാമത്തിൽ ദൈവവും പിതാവും ആയവന്നു എല്ലായ്പോഴും എല്ലാംകൊണ്ടും സ്തോത്രം ചൊല്ലിക്കൊൾ്വിൻ! എഫേസ്യർ ൫, ൨൦.

---

149. യഹോവ ഉണ്ടാക്കിയ ദിവസം ഇതത്രെ: നാം അതിൽ ആനന്ദിച്ചു സന്തോഷിക്ക! സങ്കീൎത്തനം ൧൧൮, ൨൪.

150. ക്രിസ്തന്റെ വചനം ഐശ്വൎയ്യമായി നിങ്ങളിൽ വസിക്കയും നിങ്ങൾ എല്ലാ ജ്ഞാനത്തിലും അന്യോന്യം പഠിപ്പിച്ചും സങ്കീൎത്തനങ്ങളാലും സ്തുതികളാലും ആത്മികപാട്ടുകളാലും ബുദ്ധി ഉപദേശിച്ചും കരുണയാലെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടികൊൾ്കയും ചെയ്വിൻ! കൊലൊ. ൩, ൧൬,

151. പിതാവായ ദൈവത്തിൻ മുമ്പാകെ ശുദ്ധവും നിൎമ്മലവുമായുള്ള ആരാധനയോ അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും തന്നെത്താൻ ലോകത്തിൽനിന്നു കളങ്കമില്ലാത്തവനായി കാത്തിരിക്കുന്നതും തന്നെ. യാക്കോബ് ൧, ൨൭.

152. ദൈവജനത്തിന്നു ഒരു ശബ്ബത്തനുഭവം ശേഷിച്ചിരിക്കുന്നു. അവന്റെ സ്വസ്ഥതയിൽ പ്രവേശിച്ചവനോ ദൈവം സ്വക്രിയകളിൽനിന്നു എന്ന പോലെ താനും തന്റെ ക്രിയകളിൽനിന്നു സ്വസ്ഥനായി തീൎന്നു സത്യം. ആകയാൽ ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ നാം ശ്രമിപ്പൂതാക! എബ്രായർ ൪, ൯—൧൧.

---

*153. നിന്റെ അച്ഛനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തം കൂടിയ ആദ്യകല്പനയാകുന്നു: നിണക്കു നല്ലതു ഭവിപ്പാനും നീ ഭൂമിയിൽ ദീൎഘായുസ്സാവാനും എന്നു തന്നെ. എഫേസ്യർ ൬, ૨. ൩.

154. നിങ്ങളിൽ അദ്ധ്വാനിച്ചും കൎത്താവിൽ നിങ്ങളുടെ മേൽ മുമ്പുണ്ടായി നിങ്ങളെ വഴിക്കാക്കുന്നവ

രെ നിങ്ങൾ അറിഞ്ഞും അവരുടെ വേലനിമിത്തം സ്നേഹത്തിൽ അത്യന്തം വിചാരിച്ചുംകൊൾവാൻ നിങ്ങളോടു ചോദിക്കുന്നു. ൧. തെസ്സ. ൫, ൧൨. ൧൩.

*155. ദാസരേ, ജഡപ്രകാരം ഉടയവരെ എല്ലാം കൊണ്ടും അനുസരിപ്പിൻ! മനുഷ്യരെ രസിപ്പിക്കുന്ന ദൃഷ്ടിസേവകളാലല്ല കൎത്താവെ ഭയപ്പെട്ടു ഹൃദയത്തിൻ ഏകാഗ്രതയിൽ അത്രെ! നിങ്ങൾ ചെയ്യുന്നതൊക്കയും പരമാവകാശം എന്ന പ്രതിഫലം കൎത്താവോടു ലഭിക്കും എന്നറിഞ്ഞു മനുഷ്യൎക്ക എന്നല്ല കൎത്താവിന്നു എന്നു തന്നെ പ്രവൃത്തിപ്പിൻ! കൎത്താവായ ക്രിസ്തനെ അത്രെ സേവിപ്പിൻ! യജമാനന്മാരേ, നിങ്ങൾക്കും വാനങ്ങളിൽ യജമാനനുണ്ടെന്നറിഞ്ഞു ദാസൎക്ക ന്യായവും സാമ്യവും ആയതിനെ കാട്ടുവിൻ! കൊലൊസ്സ്യർ ൩, ൨൨ — ൨൪. ൪, ൧.

*156. ഏതു ദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങുക! കാരണം ദൈവത്തിൽ നിന്നല്ലാതെ അധികാരം ഒന്നും ഇല്ല. അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടവ. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ തങ്ങൾക്കു തന്നെ ന്യായവിധിയെ പ്രാപിക്കുന്നു. റോമർ ൧൩, ൧. ൨.

---

*157. ആരെങ്കിലും മനുഷ്യന്റെ ചോര ചൊരിഞ്ഞാൽ അവന്റെ ചോര മനുഷ്യനാൽ ചൊരിയപ്പെടും. കാരണം ദൈവസാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു. ഉല്പത്തി ൯, ൬.

*158. സകല കൈപ്പും കോപവും ക്രോധവും കൂറ്റാരവും ദൂഷണങ്ങളും എല്ലാ വേണ്ടാതനവുമായി നിങ്ങളോടു വേറായിപ്പോക! എഫേസ്യർ ൪, ൩൧.

*159. തങ്ങൾ തന്നെ പകവീട്ടാതെ ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ! കാരണം പ്രതിക്രിയ എനിക്കുള്ളതു ഞാൻ പകരം ചെയ്യും എന്നു കൎത്താവു പറയുന്നു. റോമർ ൧൨, ൧൯.

*160. ഒരുവൻ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു ചൊല്ലി തന്റെ സഹോദരനെ പകെച്ചാൽ അവൻ കള്ളനാകുന്നു. താൻ കണ്ട സഹോദരനെ സ്നേഹിക്കാത്തവൻ കാണാത്ത ദൈവത്തെ എങ്ങിനെ സ്നേഹിച്ചുകൂടും. ൧. യോഹന്നാൻ ൪, ൨൦.

161. ഈ ലോകത്തിലെ ജീവനം ഉള്ളവൻ ആരും തൻ സഹോദരന്നു മുട്ടുള്ള പ്രകാരം കണ്ടു അവനിൽ നിന്നു തന്റെ ഉൾക്കരളെ അടെച്ചു വെച്ചാൽ ദൈവസ്നേഹം അവനിൽ എങ്ങിനെ വസിക്കും. എൻ പൈതങ്ങളേ, നാം വാക്കിനാലും നാവിനാലും അല്ല ക്രിയയിലും സത്യത്തിലും സ്നേഹിക്കാക! ൧. യോഹന്നാൻ ൩, ൧൭. ൧൮.

---

*162. ദൈവത്തിൽ നിന്നു കിട്ടി നിങ്ങളിൽ ഇരിക്കുന്ന വിശുദ്ധാത്മാവിന്നു നിങ്ങളുടെ ശരീരം മന്ദിരമാകുന്നു എന്നും നിങ്ങൾ തനിക്കു താൻ ഉടയവർ അല്ല എന്നും അറിയുന്നില്ലയോ? ൧. കൊരിന്തർ ൬, ൧൯.

163. പുലയാട്ടും എല്ലാ അശുദ്ധിയും ലോഭവും ഇവ വിശുദ്ധൎക്കു ഉചിതമാംവണ്ണം നിങ്ങളിൽ നാമം

പോലും ഇരിക്കരുതു! ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്കു ഇങ്ങിനെ ചേരാത്തതു യാതൊന്നും അരുതു: സ്തോത്രമേയാവു! പുലയാടി അശുദ്ധൻ വിഗ്രഹാരാധിയാകുന്ന ലോഭി ഇവർ ആൎക്കും ക്രിസ്തന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശം ഇല്ലെന്നു നിങ്ങൾക്കറിഞ്ഞു ബോധിച്ചുവല്ലോ. എഫെസ്യർ ൫, ൩ — ൫.

*164. കേൾക്കുന്നവൎക്ക ഉപകരിക്കുമാറു അവസ്ഥക്കു തക്ക വീട്ടുവൎദ്ധനചെയ്വാൻ നല്ലവാക്കായിട്ടല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടായ്ക. എഫെസ്യർ ൪, ൨൯.

165. ശേഷം സഹോദരന്മാരേ, സത്യമായതൊക്കെയും ഘനമായതൊക്കെയും ന്യായമായതൊക്കെയും നിൎമ്മലമായതൊക്കെയും പ്രേമമായതൊക്കെയും സൽകീൎത്തിയായതൊക്കെയും സൽഗുണമോ പുകഴ്ചയോ എന്താകിലും അവ നണ്ണുവിൻ! എങ്കൽ കൂടെ പഠിച്ചും പരിഗ്രഹിച്ചും കേട്ടും കണ്ടും കൊണ്ടവ തന്നെ പ്രവൃത്തിപ്പിൻ! എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടു കൂടെ ഇരിക്കും. ഫിലിപ്പ്യർ ൪, ൮. ൯.

---

*166. കള്ളൻ ഇനി കക്കാതെ വിശേഷാൽ മുട്ടുള്ളവന്നു വിഭാഗിച്ചു കൊടുപ്പാൻ ഉണ്ടാകേണ്ടതിന്നു കൈകളെക്കൊണ്ടു നല്ലതിനെ പ്രവൃത്തിച്ചധ്വാനിക്കുക! എഫെസ്യർ ൪, ൨൮.

167. ആരും പ്രവൃത്തിയിൽ അതിക്രമിക്കാതെയും തന്റെ സഹോദരനെ തോല്പിക്കാതെയും ഇരിക്ക! ൧. തെസ്സലോനിക്യർ ൪, ൬.

168. ധൂൎത്തൻ കടംവാങ്ങുന്നു വീട്ടുവാറാകയുമില്ല. നീതിമാനോ കരുണ കാട്ടി സമ്മാനിക്കുന്നു. സങ്കീൎത്തനം ൩൭, ൨൧.

169. അന്യോന്യം സ്നേഹിക്കുന്നതൊഴികെ ആരോടും ഒന്നും കടംപെടരുതു. രോമർ ൧൩, ൮.

*170. ഒരു മനുഷ്യൻ സൎവ്വലോകം നേടിയാലും തന്റെ ദേഹി ചേതം വന്നാൽ അവന്നു എന്തു പ്രയോജനം ഉള്ളു? അല്ല തന്റെ ദേഹിയെ വീണ്ടു കൊൾവാൻ മനുഷ്യൻ എന്തൊരു മറുവില കൊടുക്കും? മത്തായി ൧൬, ൨൬.

*171. അലംഭാവത്തോടു കൂടിയ ഭക്തി വലുതായ അഹോവൃത്തിയാകുന്നു. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ല ഒന്നും കൊണ്ടു പോവാൻ കഴികയുമില്ല സ്പഷ്ടം. ഉണ്മാനും ഉടുപ്പാനും സാധിച്ചാൽ മതി എന്നു നാം വിചാരിപ്പൂതാക. ൧. തിമോത്ഥ്യൻ ൬, ൬ — ൮.

172. ഏററം ചെറിയതിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തനാകുന്നു. ഏററം ചെറിയതിൽ നീതികേടുള്ളവൻ അധികത്തിലും നീതികെട്ടവൻ തന്നേ. ലൂക്ക് ൧൬, ൧൦.

173. ഓരോരുത്തൻ വരംപ്രാപിച്ചപ്രകാരമേ നാനാവിധമുള്ള ദൈവകൃപയുടെ നല്ല വീട്ടുവിചാരകരായിട്ടു അതിനെ തങ്ങളിൽ ശുശ്രൂഷിച്ചു നടത്തുവിൻ! ൧. പേത്രൻ ൪, ൧൦.

*174. കള്ളസ്സാക്ഷി നിൎദ്ദോഷൻ എന്നു വരികയില്ല. കപടങ്ങൾ ഊതുന്നവൻ കെടും. സദൃശം ൧൯, ൯.

*175. കള്ളത്തെ കളഞ്ഞു നാം തങ്ങളിൽ അവയവങ്ങൾ ആകകൊണ്ടു താന്താന്റെ അടുത്തവനോടു സത്യം ചൊല്ലുവിൻ! എഫെസ്യർ ൪, ൨൫.

176. നിങ്ങൾക്കു ന്യായവിധി വരാതിരിപ്പാൻ വിധിക്കാതിരിപ്പിൻ! കാരണം നിങ്ങൾ വിധിക്കുന്ന വിധി തന്നെ നിങ്ങൾക്കും വിധിക്കപ്പെടും. നിങ്ങൾ അളക്കുന്ന അളവിനാലും നിങ്ങൾക്കു അളക്കപ്പെടും. പിന്നെ നിന്റെ സഹോദരന്റെ കണ്ണിൽ ഉള്ള കരടു കാണുന്നതും നിന്റെ കണ്ണിലെ കോലിനെ കരുതാത്തതും എന്തു? അല്ല നിന്റെ കണ്ണിൽ ഇതാ കോൽ ഇരിക്കവേ നീ സഹോദരനോടു: നില്ല്, നിന്റെ കണ്ണിൽ നിന്നു കരടിനെ എടുത്തുകളയട്ടെ എന്നു പറവതെങ്ങിനെ? വേഷധാരിയായുള്ളോവേ, മുമ്പെ നിന്റെ കണ്ണിൽനിന്നു കോലെ എടുത്തുകളക! അപ്പോൾ സഹോദരന്റെ കണ്ണിൽനിന്നു കരടിനെ കളവാൻ നോക്കാമല്ലോ. മത്തായി ൭, ൧—൫.

177. ഒരുത്തനും തിന്മെക്കു പകരം തിന്മ കൊടുക്കാതെ എല്ലാ മനുഷ്യരുടെ മുമ്പാകെയും നല്ലവറെറ മുൻകരുതി കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം എല്ലാ മനുഷ്യരോടും സമാധാനം കോലുക! രോമർ ൧൨, ൧൭. ൧൮.

178. സകലത്തെയും ശോധന ചെയ്വിൻ! നല്ലതിനെ പിടിപ്പിൻ! ദോഷതരങ്ങളെല്ലാം വിട്ടൊഴിവിൻ! ൧. തെസ്സലോനിക്യർ ൫, ൨൧. ൨൨.

*179. ഏവനും തന്റേതല്ല മറേറവന്നു ഉള്ളതിനെ അന്വേഷിപ്പൂതാക. ൧. കൊരിന്തർ ൧൦, ൨൪.

180. എല്ലാകാവലിലും നിന്റെ ഹൃദയത്തെ സൂക്ഷിക്ക! ജീവന്റെ പുറപ്പാടുകൾ അതിൽ നിന്നല്ലോ ആകുന്നു. സദൃശം ൪, ൨൩.

*181. ക്രിസ്തന്നുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. ഗലാ. ൫, ൨൪.

---

*182. നിന്റെ ദൈവമായ യഹോവയെ നിന്റെ പൂൎണ്ണഹൃദയത്തോടും പൂൎണ്ണമനസ്സോടും സൎവ്വശക്തിയോടും സ്നേഹിക്ക എന്നുള്ളതു വലുതും ഒന്നാമത്തുമായ കല്പന തന്നെ. രണ്ടാമത്തു ഒന്നു അതിനോടു സമമാകുന്നു: നിന്റെ കൂട്ടുകാരനെ നിന്നെ പോലെതന്നെ സ്നേഹിക്ക എന്നുള്ളതത്രെ. ഈ രണ്ടു കല്പനകളിൽ സകലധൎമ്മവും പ്രവാചകരും അടങ്ങിക്കിടക്കുന്നു. മത്തായി ൨൨, ൩൭. ൪൦.

---

*183. എന്നിൽ എന്റെ ജഡത്തിൽ തന്നെ നല്ലതു വസിക്കുന്നില്ല എന്നു ബോധിച്ചു: നല്ലതിനെ ഇച്ഛിക്കുന്നതു എന്റെ പക്കൽ ഉണ്ടു പ്രവൃത്തിക്കുന്നതു മാത്രം കാണുന്നില്ല. ഞാൻ ഇച്ഛിക്കുന്ന നന്മയെ ചെയ്യുന്നില്ലല്ലോ ഇച്ഛിക്കാത്ത തിന്മയെ നടത്തുന്നതാനും. എന്റെ ബുദ്ധിയുടെ ധൎമ്മത്തോടു പടകൂടുന്ന വേറൊരു ധൎമ്മത്തെ എന്റെ അവയവങ്ങളിൽ കാണുന്നു. ആയതു എന്റെ അവയവങ്ങളിൽ ഉള്ള പാപധൎമ്മത്തിന്നു എന്നെ ബദ്ധനാക്കിക്കളയുന്നു. റോമർ ൭, ൧൮. ൧൯. ൨൩.

184. നാം എല്ലാവരും പലതിലും തെറ്റുന്നുവല്ലോ: ഒരുത്തൻ വാക്കിൽ തെറ്റാതെ ഇരുന്നാൽ തികഞ്ഞ പുരുഷൻ തന്നെ. യാക്കോബ് ൩, ൨.

---

*185. ദൈവമേ, എന്നെ ആരാഞ്ഞു എൻ ഹൃദയത്തെ അറിഞ്ഞുകൊൾക! എന്നെ ശോധന ചെയ്തു എൻ ചഞ്ചലഭാവങ്ങളെ അറിയേണമേ! എന്നിൽ വ്യസനത്തിന്നുള്ള വഴിയോ എന്നു നോക്കി നിത്യമാൎഗ്ഗത്തിൽ എന്നെ നടത്തേണമേ! സങ്കീൎത്തനം ൧൩൯, ൨൩. ൨൪.

186. ഞാൻ എൻ ദ്രോഹങ്ങളെ അറിയുന്നു എൻ പാപം നിത്യം എന്റെ മുമ്പിൽ ആകുന്നു. നിന്നോടു മാത്രം ഞാൻ പിഴെച്ചു തൃക്കണ്ണുകളിൽ തിന്മയായതു ചെയ്തു. അതോ നീ ചൊല്ലുന്നതിൽ നീതിമാനും നീ ന്യായം വിധിക്കുന്നതിൽ നിൎമ്മലനും ആകേണ്ടതിന്നു തന്നെ. സങ്കീൎത്തനം ൫൧, ൩. ൪.

*187. ഞാൻ മനം തിരിവാൻ എന്നെ തിരിക്കേണമേ! എനിക്കു സൌഖ്യം വരുവാൻ, യഹോവേ എന്നെ പൊറുപ്പിക്കേണമേ! രക്ഷ വരുവാൻ എന്നെ രക്ഷിക്കേണമേ! യറമിയ ൩൧, ൧൮; ൧൭, ൧൪.

188. നിങ്ങളുടെ പാപങ്ങൾ ധൂമ്രംപോലെ ഇരുന്നാലും ഹിമംപോലെ വെളുക്കും അരക്കുപോലെ ചുവന്നാലും പഞ്ഞിപോലെ ആകും. യശായ ൧, ൧൮.

189. ആത്മാവിൻ ഫലമോ സ്നേഹം സന്തോഷം സമാധാനം ദീൎഘക്ഷാന്തി സാധുത്വം സൽഗുണം വി

ശാന്തത സൌമ്യത ഇന്ദ്രിയജയം. ഈ വകെക്കു ധൎമ്മം ഒട്ടും വിരോധമല്ല. ഗലാ. ൫, ൨൨.

---

*190. നിന്റെ ദൈവമായ യഹോവയോടു ദ്രോഹിച്ചിരിക്കുന്ന നിന്റെ കുററം മാത്രം അറിഞ്ഞു കൊൾക! യറമിയ ൩, ൧൩.

*191. നമ്മുടെ പാപങ്ങളെ ഏററു പറഞ്ഞാൽ അവൻ പാപങ്ങളെ നമുക്കു ക്ഷമിച്ചു വിട്ടു സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കും വണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു. ൧. യോഹന്നാൻ ൧, ൯.

192. തന്റെ ദ്രോഹങ്ങളെ മൂടുന്നവന്നു സിദ്ധിയില്ല! ഏററു പറഞ്ഞു വിടുന്നവനോ കനിവു ലഭിക്കും. സദൃശം ൨൮, ൧൩.

193. നിങ്ങൾക്കു രോഗശാന്തിവരേണ്ടതിന്നു പിഴകളെ തമ്മിൽ തമ്മിൽ ഏററു പറഞ്ഞു ഒരുവൻ മററവന്നു വേണ്ടി പ്രാൎത്ഥിപ്പിൻ! നീതിമാന്റെ ചൈതന്യമുള്ള പ്രാൎത്ഥന വളരെ ഫലിക്കുന്നു. യാക്കോബ് ൫, ൧൬.

194. മുമ്പേത്ത നടപ്പിനെ സംബന്ധിച്ചു ചതിമോഹങ്ങളാൽ കെട്ടുപോകുന്ന പഴയമനുഷ്യനെ വെച്ചുകളകയും നിങ്ങളുടെ മനസ്സിൻ ആത്മാവിൽ പുതുക്കപ്പെട്ടു സത്യത്തിന്റെ നീതിയിലും പവിത്രതയിലും ദൈവത്തിന്നൊത്തവണ്ണം സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊൾകയും വേണ്ടതു. എഫെ. ൪, ൨൨—൨൪.

---

195. ആമെൻ ഞാൻ നിങ്ങളോടു പറയുന്നതു: ഇസ്രയേലിൽ കൂടെ ഇത്ര വലിയ വിശ്വാസത്തെ കണ്ടിട്ടില്ല. മത്തായി ൮, ൧൦.

196. അല്പവിശ്വാസികളേ, നിങ്ങൾ ഭീരുക്കളാവാൻ എന്തു? മത്തായി ൮, ൨൬.

197. കൎത്താവേ, ഞാൻ വിശ്വസിക്കുന്നു: എന്റെ അവിശ്വാസത്തിന്നു സഹായിക്കേണമേ! മാൎക്ക്ൻ, ൯, ൨൪.

---

(H. തിരുവത്താഴത്തെക്കുറിച്ചുള്ള ചോദ്യം 52—73.)

198. എന്റെ മാംസം തിന്നു എന്റെ രക്തം കുടിക്കുന്നവന്നു നിത്യജീവനുണ്ടു; ഞാൻ ഒടുക്കത്തെ നാളിൽ അവനെ എഴുനീല്പിക്കയും ചെയ്യും. കാരണം എന്റെ മാംസം മെയ്യായ ഭക്ഷ്യമാകുന്നു; എന്റെ രക്തം മെയ്യായ പാനീയവുമാകുന്നു. യോഹന്നാൻ ൬, ൫൪. ൫൫.

*199. ജീവന്റെ അപ്പം ഞാനാകുന്നു. എന്നെ അടുക്കുന്നവന്നു ഒരു നാളും വിശക്കയുമില്ല എന്നിൽ വിശ്വസിക്കുന്നവന്നു ദാഹിക്കയുമില്ല. യോഹന്നാൻ ൬, ൩൫.

200. നാം ആശീൎവ്വദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തരക്തത്തിന്റെ കൂട്ടായ്മയല്ലയോ? നാം നുറുക്കുന്ന അപ്പം ക്രിസ്തശരീരത്തിന്റെ കൂട്ടായ്മയല്ലയോ? ൧. കൊരി. ൧൦, ൧൬.

201. നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും പാനപാത്രം കുടിക്കയും ചെയ്യുംതോറും കൎത്താവു വരുവോള

ത്തിന്നു അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ടു ആരാനും അപാത്രമായി ഈ അപ്പം ഭക്ഷിക്കുതാൻ കൎത്താവിൻ പാനപാത്രം കുടിക്കുതാൻ ചെയ്താൽ കൎത്താവിൻ ശരീരത്തിന്നും രക്തത്തിന്നും കുററം ഉള്ളവൻ ആകും. എന്നാൽ മനുഷ്യൻ തന്നെ ത്താൻ ശോധനചെയ്തിട്ടുവേണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്രത്തിൽ കുടിച്ചും കൊൾ്വാൻ. ൧. കൊരിന്തർ ൧൧, ൨൬. ൨൭.

*202. ഇതാ ഞാൻ വാതുക്കൽ നിന്നു മുട്ടുന്നു: ആരാനും എന്റെ ശബ്ദം കേട്ടു വാതിലെ തുറന്നാൽ അവന്റെ അടുക്കെ ഞാൻ പുക്കു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും. വെളി. ൩, ൨൦.

*203. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു. ഞാൻ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴിയായ്കയാൽ ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ വളരെ ഫലം തരും. യോഹന്നാൻ ൧൫, ൫.

---

*204. ഞങ്ങൾ ക്രിസ്തുന്നുവേണ്ടി മന്ത്രികൾ ആകുന്നു. ദൈവം ഞങ്ങൾമുഖേന പ്രബോധിപ്പിക്കും പോലെ ദൈവത്തോടു നിരന്നുവരുവിൻ എന്നു ഞങ്ങൾ ക്രിസ്തുന്നു പകരം യാചിക്കുന്നു. ൨. കൊരിന്തർ ൫, ൨൦.

205. സ്വൎഗ്ഗരാജ്യത്തിന്റെ താക്കോലുകളെ ഞാൻ നിണക്കു തരും. നീ ഭൂമിമേൽ വിലക്കി കെട്ടുന്നതൊക്കയും സ്വൎഗ്ഗങ്ങളിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിമേൽ

സമ്മതിച്ചഴിക്കുന്നതൊക്കയും സ്വൎഗ്ഗങ്ങളിൽ അഴിഞ്ഞിരിക്കയും ചെയ്യും. മത്തായി ൧൬, ൧൯.

206. നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ നാമത്തിൽ ഞങ്ങൾ ആജ്ഞാപിക്കുന്നിതു: ഞങ്ങളിൽനിന്നു പരിഗ്രഹിച്ച സംപ്രദായത്തെ വിട്ടു ക്രമം കെട്ടു നടക്കുന്ന എല്ലാ സഹോദരനോടു അകന്നു കൊള്ളേണം എന്നത്രെ. ൨. തെസ്സ. ൩, ൬.

207. ഞാൻ ക്രിസ്തനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തനത്രെ എന്നിൽ ജീവിക്കുന്നു. ഇന്നും ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ച തന്നു ദൈവപുത്രങ്കലെ വിശ്വാസത്തിൽ ജീവിക്കുന്നു. ഗലാത്യർ ൨, ൨൦.

സൂചകം.—ഇനി സഭാശാലകളുടെ ആറാം തരത്തിൽ ലുഥരിന്റെ ചോദ്യോത്തരപുസ്തകവും ഏഴാം തരത്തിൽ സ്ഥിരീകരണപുസ്തകവും പഠിക്കേണ്ടതാകുന്നു.

സമാപ്തം.

1956 K 2304

PRINTED AT THE BASEL MISSION PRESS, MANGALORE.



# SCRIPTURE SENTENCES

IN

**MALAYALAM**

Fourth Edition.

# വേദോക്തപുസ്തകം

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1903